


**ബർലിൻ:** സുർജിത് ഇടയ്ക്കിടെ ലണ്ടനിൽ പോകും. ലണ്ടനിൽ ഇവരെയൊക്കെ കാണും. സുർജിത് ഖാലിസ്ഥാന് എതിരാണല്ലോ. അവരുമായി അങ്ങനെയൊരു ബന്ധമില്ല. പക്ഷേ അവരുടെ ഇൻഫർമേഷനൊക്കെയും സുർജിത്തിന് കിട്ടും. അതിന് പറ്റിയ ആളുകളെയൊക്കെ അവിടെ പോസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.

സഞ്ചരിച്ച നാടുകളിലെ കാര്യങ്ങൾ വിശദീകരിക്കും. കൂട്ടത്തിൽ എന്നെക്കുറിച്ച് പറയുമ്പോൾ ഇ.എം.എസ് ഞാനയച്ച കത്തുകളൊക്കെ കാണിച്ചുകൊടുക്കും.

**വി.കെ സുരേഷ്:** സുർജിത്തിന് ഖാലിസ്ഥാൻ വാദക്കാരുമായി എങ്ങനെയാണ് ബന്ധം?

**ബർലിൻ:** ലണ്ടനിലെ സൗത്ത് എന്റിൽ സുർജിത്തിന്റെ സുഹൃത്തുക്കളായ ധാരാളം സർദാർജിമാരുണ്ട്. കാനഡക്കാരൻ ജഗ്ദീപ്സിംഗ് ചൗഹാനായിരുന്നു ഖാലിസ്ഥാൻ പ്രസിഡണ്ട്. എയർ ഇന്ത്യാ വിമാനത്തിൽ ബോംബ് വെച്ച് അത് തകർത്തത് ഖാലിസ്ഥാനികളായിരുന്നു. ഇവരിൽ നിന്നെല്ലാം വിവരങ്ങൾ സുർജിത്തിന് കിട്ടും. അത് അദ്ദേഹം എനിക്ക് കൈമാറി. മറ്റൊരു പ്രധാന സോഴ്സ് സോവിയറ്റ് അംബാസിഡർ അബ്രാസിമോവാണ്. ഇപ്പോഴത്തെ റഷ്യൻ പ്രസിഡണ്ട് പുടിൻ അന്ന് ഡ്രെയ്ഡ്സനിലെ കൗൺസിൽ ജനറലായിരുന്നു. പുടിൻ അന്ന് സി.ഐ.എയുടെ ചാരനായിരുന്നു. അതെനിക്കന്ന് അറിയില്ലായിരുന്നു. പുടിൻ ഇടയ്ക്കിടെ ബർലിനിൽ വരുമ്പോഴെല്ലാം എന്റെ വീട് സന്ദർശിച്ചിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പല കാര്യങ്ങളും ചോദിക്കും. അബ്രാസിമോവിനോട് സമ്മതം വാങ്ങി പിറ്റേ ദിവസവും അയാൾ വരും. ഇന്നിന്ന കാര്യങ്ങൾ സംസാരിക്കാമെന്ന് അബ്രാസിമോവ് ക്ലിയർ ചെയ്തെങ്കിലേ അദ്ദേഹത്തിന് എന്നോട് സംസാരിക്കാൻ കഴിയുമായിരുന്നുള്ളൂ. അത്രയ്ക്ക് നിയന്ത്രണമുണ്ടായിരുന്നു.



ഫോട്ടോ: കെ. ശശി

മധുനായർ, ബർലിൻ, വി.കെ സുരേഷ്, പി.എം ജയൻ

ഇന്റർ കൺട്രോൾ. അവിടെ സോവിയറ്റ് എംബസിയിൽ ലെനിന്റെ വലിയ പ്രതിമയുണ്ട്. സോവിയറ്റ് എംബസിക്കകത്ത് പന്ത്രണ്ട് കെട്ടിടങ്ങളാണുള്ളത്. ശരിക്കു പറഞ്ഞാൽ ഈസ്റ്റ് ജർമനിയുടെ ഭരണം തന്നെ അവരുടെ കയ്യിലായിരുന്നു.

വി.കെ സുരേഷ്: സുർജിത്തിന് ഖാലിസ്ഥാൻ വാദക്കാരുമായി എങ്ങനെയുള്ള ബന്ധമാണുണ്ടായിരുന്നത്.

ബർലിൻ: സുർജിത് ഇടയ്ക്കിടെ ലണ്ടനിൽ പോകും. ലണ്ടനിൽ ഇവരെയൊക്കെ കാണും. സുർജിത് ഖാലിസ്ഥാന് എതിരാണല്ലോ. അവരുമായി അങ്ങനെയൊരു ബന്ധമില്ല. പക്ഷേ അവരുടെ ഇൻഫർമേഷനൊക്കെയും സുർജിത്തിന് കിട്ടും. അതിന് പറ്റിയ ആളുകളെയൊക്കെ അവിടെ പോസ്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.

വി.കെ സുരേഷ്: സുർജിത്ത് അവിടെ ഖാലിസ്ഥാനെതിരായി ചാരപ്രവർത്തനം നടത്തിയെന്ന് ചുരുക്കം അല്ലേ.

ബർലിൻ: അതെ. ഖാലിസ്ഥാനെതിരായി പഞ്ചാബിൽ വലിയ ഫൈറ്റ് നടത്തിയില്ലേ സുർജിത്ത്. മാത്രമല്ല ഭിന്ദ്രൻവാലയെക്കുറിച്ച് ഇന്ദിരാഗാന്ധിക്കദ്ദേഹം നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു. ഭിന്ദ്രൻവാലയെ പ്രോത്സാഹിപ്പിക്കരുതെന്ന്. ആ തീവ്രവാദികളുടെ കൂട്ടരാണല്ലോ ഇന്ദിരാഗാന്ധിയെ പിന്നീട് കൊന്നത്.

പി.എം ജയൻ: ഇന്ദിരാഗാന്ധി സുർജിത്തിന്റെ കൃത്യമായ ആ മുന്നറിയിപ്പ് സ്വീകരിച്ചിട്ടുണ്ടാവില്ല അല്ലേ.

ബർലിൻ: ഇല്ല; അന്നത് സ്വീകരിച്ചില്ല അവർ.

മധുനായർ: ഇന്ദിരാഗാന്ധിയുടെ അവസാന കാലത്ത് അവർ വളരെ പരിഭ്രാന്ത (panic) മായ മാനസികാവസ്ഥയിലായിരുന്നല്ലോ. നമുക്ക് വിചാരിക്കാനാവാത്ത വിധത്തിലായിരുന്നു അവരുടെ പെരുമാറ്റമെന്ന് സോണിയാഗാന്ധിയെക്കുറിച്ച് Redsaree പുസ്തകമെഴുതിയ വിദേശ വനിത രേഖപ്പെടുത്തിയിട്ടുണ്ട്.

ബർലിൻ: ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെ വിശേഷിപ്പിച്ചത് Derivative assassination എന്നാണ്. അതായത് നേരിട്ടുള്ള കൊലപാതകമല്ല. ശരിക്കും സി.ഐ.എയാണ് ഇവരെ കൊന്നത്. അവരല്ലെന്ന് വരുത്തിത്തീർക്കാൻ വേറൊരു വഴിയിലൂടെ സഞ്ചരിച്ച് ഖാലിസ്ഥാൻകാരെ ഉപയോഗപ്പെടുത്തിയതാണ്.

മധുനായർ: അത് വളരെ ശരിയാണ്. ഇവിടെ, ഇന്ത്യയിൽ അസ്ഥിരത ഉണ്ടാക്കുക സി.ഐ.എയുടെ പദ്ധതിയാണ്. ഇവിടെ മാത്രമല്ല, ലോകം മുഴുക്കെ അവരതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അവരുടെ ആയുധങ്ങൾക്ക് വിപണി കണ്ടെത്തേണ്ടത് അത്യാവശ്യമാണല്ലോ.

**ബർലിൻ: അജയഘോഷ്, ഡാങ്കെ, സർദേശായ് തുടങ്ങിയ ബോംബെയിലെ നേതാക്കളെ പിടിച്ച് ജയിലിലിട്ടപ്പോൾ ഗോവിന്ദപ്പിള്ളയെ പൊലീസ് അറസ്റ്റ് ചെയ്തിട്ടില്ല. അയാൾ അപ്പോൾ കോളജിൽ പരീക്ഷ എഴുതാൻപോയി. കർണാടകയിൽ യു.ആർ അനന്തമൂർത്തിയുമായി ഗോവിന്ദപ്പിള്ള നല്ല ബന്ധം സ്ഥാപിച്ച് അങ്ങോട്ട് പോയി ഡോക്ടറേറ്റ് എടുക്കാമെന്നൊക്കെ വിചാരിച്ചു. അപ്പോഴേക്കും അച്യുതാനന്ദൻ അദ്ദേഹത്തെ സംസ്ഥാന കമ്മിറ്റിയിൽ നിന്ന് പുറത്താക്കി.**

പി.എം ജയൻ: പുടിന് സി.ഐ.എയുമായി ബന്ധം ഉണ്ടെന്ന കാര്യം നേരത്തെ അറിയാമായിരുന്നില്ലേ?

ബർലിൻ: അക്കാര്യം എനിക്കറിയില്ലായിരുന്നു.



ഫോട്ടോ: കെ ശശി

കമ്യൂണിസ്റ്റ് പാർട്ടി രൂപീകരണ ശേഷം പി.കൃഷ്ണപിള്ളയുടെ സാന്നിധ്യത്തിൽ യോഗം ചേർന്ന കുഞ്ഞനന്തൻ നായരുടെ വീട്ടുപറമ്പിലെ 'കണ്ടി'

പിന്നീട് റഷ്യൻ പ്രസിഡണ്ടായപ്പോഴാണ് ഞാൻ കാര്യങ്ങൾ അറിയുന്നത്. ബർലിനിലെ സോവിയറ്റ് എംബസിയിൽ എനിക്ക് നല്ല ബന്ധങ്ങളാണുണ്ടായിരുന്നത്. ലോക നേതാക്കളുടെ എല്ലാ പ്രധാനപ്പെട്ട സ്വീകരണങ്ങൾക്കും എന്നെ ക്ഷണിക്കാറുണ്ട്. കിഴക്കൻ യൂറോപ്പിലെ പ്രസിഡണ്ടുമാരും പ്രധാനമന്ത്രിമാരും അംബാസിഡർമാരുമെല്ലാം അവിടെ എത്താറുണ്ട്. അതുകൊണ്ട് എനിക്ക് ഇവരുടെ രാജ്യങ്ങളിലെ എല്ലാ വിവരങ്ങളും ലഭിക്കും.

പി.എം ജയൻ: ബർലിൻ കെ.ജി.ബി ചാരനാണെന്നും മധുനായർ സി.ഐ.എ ചാരനാണെന്നും ചിലർ പറയാറുണ്ട്. അത്തരം അനുഭവങ്ങൾ എന്തെങ്കിലും പങ്കുവെക്കാനുണ്ടോ.

മധുനായർ: ഞാൻ അമേരിക്കയിൽ ജോലി ചെയ്ത ഒരാൾ മാത്രം. ഇദ്ദേഹമാണെങ്കിൽ മഹത്തായ ഒരു ആശയവും പ്രസ്ഥാനവുമായി കഴിഞ്ഞ ആളും. ഞാൻ അമേരിക്കയിൽ നിന്ന് വന്നപ്പോൾ പ്രദേശത്തെ പാർട്ടിക്കാർ എനിക്ക് കാൻഡിഡേറ്റ് മെമ്പർഷിപ്പ് തരാൻ തീരുമാനിച്ചു. എന്നാൽ ചിലർ ഇയാളെ സൂക്ഷിക്കണമെന്ന് പറഞ്ഞു അത് കീറി വലിച്ചെറിഞ്ഞു. ഞാനിന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രവർത്തനത്തെ ബഹുമാനിക്കുന്നവനാണ്. എന്തെല്ലാം പറഞ്ഞാലും ഇവിടെ ജനാധിപത്യം നിലനിൽക്കുന്നുണ്ടല്ലോ. ഓരോ അഞ്ചു കൊല്ലം കഴിയുമ്പോഴും ഇവിടെ തെരഞ്ഞെടുപ്പ് നടക്കുന്നുണ്ടല്ലോ.

പി.എം ജയൻ: ഇവിടെ പ്രസിഡൻഷ്യൽ ഭരണരീതി വരുമെന്ന ഭയം താങ്കൾ വെച്ചുപുലർത്തുന്നില്ലാ അല്ലേ.

മധുനായർ: വെറുതെയാണത്. അതൊന്നും ഇന്ത്യയിൽ നടക്കില്ല. അങ്ങനെയാണെങ്കിൽ അടിയന്തരാവസ്ഥയിലല്ലേ അത് വരേണ്ടിയിരുന്നത്. പക്ഷേ ഇന്ദിരാഗാന്ധിയെ അവരുടെ മണ്ഡലത്തിലല്ലേ എഴുത്തും വായനയും അറിയാത്ത സാധാരണ ജനങ്ങൾ തോൽപ്പിച്ചത്? പ്രായോഗികമായി ഇവിടെ ജനാധിപത്യ വ്യവസ്ഥയ്ക്കെതിരായി ഒന്നും നടക്കില്ല.

ബർലിൻ: ഞാൻ കെ.ജി.ബി ചാരനാണെന്ന്

**ബർലിൻ: ഇന്ദിരാഗാന്ധിയുടെ കൊലപാതകത്തെ വിശേഷിപ്പിച്ചത് Derivative assassination എന്നാണ്. അതായത് നേരിട്ടുള്ള കൊലപാതകമല്ല. ശരിക്കും സി.ഐ.എയാണ് ഇവരെ കൊന്നത്. അവരല്ലെന്ന് വരുത്തിത്തീർക്കാൻ വേറൊരു വഴിയിലൂടെ സഞ്ചരിച്ച് ഖാലിസ്ഥാൻകാരെ ഉപയോഗപ്പെടുത്തിയതാണ്.**



പെന്റഗൺ

കലാകൗമുദിയിൽ ഒരു ഇന്റർവ്യൂവിൽ പി.ഗോവിന്ദപ്പിള്ളയാണ് ആരോപിച്ചത്. എൻ.ആർ.എസ് ബാബുവാണ് അത് മുഴുവനും എന്നെ വായിച്ചു കേൾപ്പിച്ചത്. അപ്പോൾ ഞാൻ തിരിച്ചു പറഞ്ഞു ഇയാൾ ബ്രിട്ടന്റെ രഹസ്യപൊലീസായ എം.ഐ. ഫൈവിന്റെ (MI5) ഏജന്റാണെന്ന്. അത് പറഞ്ഞപ്പോൾ പിന്നെ പി.ഗോവിന്ദപ്പിള്ള മിണ്ടിയിട്ടില്ല.

വി.കെ സുരേഷ്: ആരോപണ പ്രത്യാരോപണമല്ലാതെ വസ്തുതയുണ്ടോ ഇതിൽ.

ബർലിൻ: ചെറിയ വസ്തുതയുണ്ട് അതിൽ. അജയഘോഷ്, ഡാങ്കെ, സർദേശായ് തുടങ്ങിയ ബോംബെയിലെ നേതാക്കളെ പിടിച്ച് ജയിലിലിട്ടപ്പോൾ ഗോവിന്ദപ്പിള്ളയെ പൊലീസ് അറസ്റ്റ് ചെയ്തിട്ടില്ല. അയാൾ അപ്പോൾ കോളജിൽ പരീക്ഷ എഴുതാനൊക്കെ പോയി. കർണാടകയിൽ യു.ആർ അനന്തമൂർത്തിയുമായി ഗോവിന്ദപ്പിള്ള നല്ല ബന്ധം സ്ഥാപിച്ച് അങ്ങോട്ട് പോയി ഡോക്ടറേറ്റ് എടുക്കാമെന്നൊക്കെ വിചാരിച്ചു. അപ്പോഴേക്കും അച്യുതാനന്ദൻ അദ്ദേഹത്തെ സംസ്ഥാന കമ്മിറ്റിയിൽ നിന്ന് പുറത്താക്കി. പിന്നെ ഞാൻ കെ.ജി.ബിയാണെന്ന് ആരും പറഞ്ഞിട്ടില്ല.

വി.കെ സുരേഷ്: ഗോവിന്ദപ്പിള്ളയെ അറസ്റ്റ് ചെയ്തില്ല എന്നതുകൊണ്ട് മാത്രം അദ്ദേഹം ഏജന്റാകുമോ?

അത് മാത്രമല്ല. ബോംബെയിലെ കമ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനങ്ങളിലൊന്നും ഗോവിന്ദപ്പിള്ള പങ്കെടുത്തിട്ടില്ല. അതുതന്നെ സംശയിക്കാവുന്നതാണ്. എന്നാൽ ഞാൻ കെ.ജി.ബിയൊന്നുമല്ലെന്ന് എല്ലാവർക്കുമറിയാം. കമ്യൂണിസത്തിന്റെ ഒരു പ്രവാചകനായി പാട്ടുപാടി നടക്കുന്ന ഒരു പാണൻ മാത്രമാണ് ഞാൻ.

വി.കെ സുരേഷ്: കമ്യൂണിസ്റ്റ് പാർട്ടി രൂപീകരണവുമായി ബന്ധപ്പെട്ട് നാലു നേതാക്കളെ മുങ്ങിക്കപ്പലിൽ സോവിയറ്റ് യൂണിയനിലേക്ക് രഹസ്യമായി അയച്ചതിന് പിന്നിൽ താങ്കളും പ്രവർത്തിച്ചിട്ടുണ്ടെന്ന് വായിച്ചിട്ടുണ്ട്. നിഖിൽ ചക്രവർത്തിയുടെ സഹായിയായി. പക്ഷേ ആ വാദം തെറ്റാണ്. മുങ്ങിക്കപ്പലിൽ അന്ന് അങ്ങനെ പോകാൻ പറ്റില്ലെന്ന് താങ്കൾ പാർട്ടിയുമായി അകന്നപ്പോൾ ദേശാഭിമാനിയിലൊക്കെ വന്നിട്ടുണ്ട്.

ബർലിൻ: അതൊക്കെ ഞാൻ ഡിസ്പ്രൂവ് ചെയ്തിട്ടുണ്ട്. മുങ്ങിക്കപ്പലിലെ ഫോട്ടോ വരെ കൊടുത്തു. വിസ്കി എന്ന കപ്പലിലാണ് നാലു നേതാക്കളെയും കൊണ്ടുപോയത്. 1941ൽ അല്ലേ സുഭാഷ് ചന്ദ്രബോസ് ജർമനിയിൽ നിന്ന് ജപ്പാനിലേക്ക് പോയത്? മുങ്ങിക്കപ്പലൊക്കെ അന്ന് ഇഷ്ടം പോലെയുണ്ട്. എസ്.കെ ഡാങ്കെ, അജയഘോഷ്, സി.രാജേശ്വർ റാവു, ബസവ പുന്നയ്യ എന്നിവരെ



എങ്ങനെ സുരക്ഷിതമായി ഇവിടെ എത്തിക്കാമെന്ന് സ്റ്റാലിൻ മൊളോട്ടോവിനോട് ചോദിച്ചു. അപ്പോൾ മൊളോട്ടോവ് പറഞ്ഞു; ഇവിടെ അവരെ എത്തിക്കുകയെന്നത് വിഷമം പിടിച്ച സംഗതിയാണ്. ഇന്ത്യയുമായി ഉള്ള ഡിപ്ലോമാറ്റിക് റിലേഷൻസിന് അത് തകരാറുണ്ടാക്കും. അതുകൊണ്ട് നമുക്കവരെ ചൈനയിലോ മറ്റോ വരുത്താമെന്ന്. അങ്ങനെയാണ് കെ.ജി.ബിയുടെ തലവൻ ബറിയയെ സ്റ്റാലിൻ വിളിച്ചത്. അദ്ദേഹം പറഞ്ഞു. ഒരു പ്രശ്നവുമില്ലാതെ അവരെ ഞാൻ ആരുമറിയാതെ ഇവിടെ എത്തിക്കാമെന്ന്. അങ്ങനെയാണ് കൽക്കത്തയിലെ ഡയമണ്ട് ഹാർബറിലെ ഉപേക്ഷിക്കപ്പെട്ട പഴയ തുറമുഖത്തേക്ക് റഷ്യക്കാരായ മത്സ്യത്തൊഴിലാളികൾക്കൊപ്പം സമുദ്രത്തിന്റെ ഉള്ളിലൂടെ സഞ്ചരിക്കാവുന്ന പരിശീലനം സിദ്ധിച്ചവരെ ഉപയോഗിച്ച് നേതാക്കളെ കൊണ്ടുപോകാനാളെത്തുന്നത്. നിഖിൽ ചക്രവർത്തിയും ഞാനും അതിനുവേണ്ട കാര്യങ്ങൾ ഇവിടെ ചെയ്തു. കൽക്കത്ത ഹൈക്കോടതിയിലെ അഡ്വക്കേറ്റായ അഡ്വ. അജോയ് ദാസ് ഗുപ്തയാണ് കാറോടിച്ചത്. വലിയ ഡോഡ്ജ്കാർ, ആ കാറുമായി ഞങ്ങൾ ഡയമണ്ട് ഹാർബറിലെത്തി. അവിടെ നിന്ന് അവരെ നാലുപേരെയും കയറ്റി അയച്ചു. നിഖിലിന്റെ രഹസ്യപ്പേര് യശോദയെന്നായിരുന്നു. എന്റെ പേര് സാധു (sadhu) എന്നായിരുന്നു.

ഡാങ്കെയുടേത് റാം (RAM), അജയഘോഷിന്റേത് പ്രകാശ്, എന്നിങ്ങനെയായിരുന്നു രഹസ്യപ്പേര്. ഈ മുങ്ങിക്കപ്പൽ സിലോണിലെ ജാഫ്നാ ഭാഗത്ത് പൊങ്ങി. അവിടെനിന്ന് സ്പീഡ് ബോട്ടിൽ കൊളംബോയിലെത്തി. പിന്നീട് എയർപോർട്ടിലും. അവിടെ നിന്ന് സൂറിച്ചിലേക്കാണ് ഫ്ളൈറ്റിൽ അവർ പോയത്. പിന്നെ പ്രാഗിലേക്ക്. അവിടെ നിന്ന് മോസ്കോയിലേക്ക് ഫ്ളൈറ്റ്. അങ്ങനെയായിരുന്നു ആ സാഹസിക യാത്ര. മോസ്കോയിൽ സ്റ്റാലിൻ താമസിക്കുന്ന ഡാച്ചയിലായിരുന്നു താമസവും കൂടിക്കാഴ്ചയും. ഡാച്ചയെന്ന് പറഞ്ഞാൽ വലിയ റിസോർട്ട്. അതിനെക്കുറിച്ച് ബസവ പുന്നയ്യ എന്നോട് വിശദമായി സംസാരിച്ചിരുന്നു. അത് ഞാൻ നോട്ട് ചെയ്ത് ചിലതൊക്കെ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. സ്റ്റാലിൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വളർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ വളരെയേറെ ശ്രദ്ധാലുവായിരുന്നു. എല്ലാ രാജ്യങ്ങളിലെയും കമ്യൂണിസ്റ്റുകാരെ ക്ഷണിച്ചുവരുത്തി അവർക്ക് മോസ്കോയിൽ മെഡിക്കൽ ട്രീറ്റ്മെന്റടക്കം ഏർപ്പെടുത്തി സ്റ്റാലിൻ. അതിന് ക്രെംലിൻ ഹോസ്പിറ്റലെന്ന ഒരു സമുച്ചയം തന്നെ ഉണ്ടായിരുന്നു. അഞ്ചു പത്ത് കെട്ടിടങ്ങൾ, പ്രധാനപ്പെട്ട ഡോക്ടർമാർ, അങ്ങനെ പലരുമുണ്ടായിരുന്നു അവിടെ.

> **ബർലിൻ:** ഞാൻ കെ ജി ബി ചാരനാണെന്ന് കലാകൗമുദിയിൽ ഒരു ഇന്റർവ്യൂവിൽ പി.ഗോവിന്ദപ്പിള്ളയാണ് ആരോപിച്ചത്. എൻ.ആർ.എസ് ബാബുവാണ് അത് മുഴുവനും എന്നെ വായിച്ചു കേൾപ്പിച്ചത്. അപ്പോൾ ഞാൻ തിരിച്ചു പറഞ്ഞു ഇയാൾ ബ്രിട്ടന്റെ രഹസ്യപൊലീസായ എം.ഐ. ഫൈവിന്റെ (MI 5) ഏജന്റാണെന്ന്. അത് പറഞ്ഞപ്പോൾ പിന്നെ ഗോവിന്ദപ്പിള്ള മിണ്ടിയിട്ടില്ല.

വി.കെ സുരേഷ്: സി.ഐ.എയെക്കുറിച്ച് ഒരു പുസ്തകം ആദ്യമായി വരുന്നത് എഴുപതുകളിലാണ്. Devil and his Dart. അന്നത്തെ സോഴ്സ്, പുസ്തകമെഴുതാൻ ഇടയായ സാഹചര്യം എന്നിവയൊക്കെ എന്താണ്.

പി.എം ജയൻ: അതിന്റെ ആധികാരികത.

ബർലിൻ: ജർമൻ ജനാധിപത്യ റിപ്പബ്ലിക്കിലെ ആർകൈവ്സിലെ രേഖകളാണ് അതിന്റെ ആധികാരികത. സി.ഐ.എയുടെ യൂറോപ്പിലെ ഇടപെടലുകളെക്കുറിച്ച് ധാരാളം പഠനങ്ങളുണ്ട്. സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ റിസർച്ച് സ്കോളേഴ്സിന്റെ


പഠനങ്ങളിൽ പലതും ഞാൻ വായിച്ച് ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

വി.കെ സുരേഷ്: താങ്കൾ എഴുതിയ പുസ്തകത്തിന്റെ പ്രകാശനം ചേരിചേരാ സമ്മേളനത്തിൽ വെച്ചായിരുന്നു എന്ന് കേട്ടിട്ടുണ്ട്. രാജീവ് ഗാന്ധിയോടൊപ്പമാണ് ആ ചടങ്ങിന് പോയതെന്നും അതിനിടെ പ്രകാശനച്ചടങ്ങിൽ എത്തേണ്ട പുസ്തകങ്ങൾ വഴിക്ക് വെച്ച് സി.ഐ.എ കവർന്നെന്നും കേട്ടു. എന്തായിരുന്നു വസ്തുത.

ബർലിൻ: ഞാൻ റോബർട്ട് മൊഗാബെയെ ഇന്റർവ്യൂ ചെയ്യുന്നതിന് ചോദ്യങ്ങൾ അയച്ചത് ഡൽഹിയിലെ സിംബാബ്‌വെ എംബസ്സി വഴിയാണ്. എന്നാൽ എംബസ്സി ഉദ്യോഗസ്ഥർക്ക് എന്നെ സംശയം തോന്നി. ഇത്ര വലിയ ഒരു രാഷ്ട്രനേതാവിനെ ഇന്റർവ്യൂ ചെയ്യാൻ ഇയാളോ എന്ന മട്ടിൽ! ഇയാൾക്ക് അതിനെവിടെ നിന്നാണ് സ്റ്റാറ്റസ്? അവർ ഉടനെ അവരുടെ ഇന്റലിജൻസ് ഉദ്യോഗസ്ഥർക്ക് വിവരം നൽകി. എന്റെ പുസ്തകങ്ങൾ കുറേ എണ്ണം പി.ടി.ഐയുടെ ഡയറക്ടർ ഉണ്ണികൃഷ്ണന്റെ പെട്ടിയിലും കുറേ പുസ്തകം വി.കെ മാധവൻകുട്ടിയുടെ പെട്ടിയിലുമായാണ് വെച്ചത്. 50 പുസ്തകങ്ങൾ എന്റെ പെട്ടിയിലുമുണ്ടായിരുന്നു. എന്നാൽ എന്റേതവർ ഹരാരെ വിമാനത്താവളത്തിൽ വെച്ച് പിടിച്ചെടുത്തു. എന്റെ പാസ്പോർട്ട് സീൽ ചെയ്യുമ്പോഴവർ എന്നെ നോക്കുന്നത് ഞാൻ ചില്ലിനിപ്പുറത്തുനിന്ന് കാണുന്നുണ്ടായിരുന്നു. ഉടനെ എന്റെ പെട്ടി വരുത്തി തുറക്കാൻ ആവശ്യപ്പെട്ടു. ഞാനത് നൽകി. അവരത് തുറന്നു പുസ്തകങ്ങൾ എടുത്തു. അവർ വിചാരിച്ചത് ഈ പുസ്തകങ്ങൾ ബ്ലാക്ക് മാർക്കറ്റിൽ കൊണ്ടുപോയി വിറ്റ് കാശുണ്ടാക്കുന്നതിന് വേണ്ടിയാണെന്നാണ്. എന്നാൽ ഞാനിത് പത്രസമ്മേളനത്തിലും യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കും വിതരണം ചെയ്യാനാണ് കൊണ്ടുപോകുന്നതെന്ന് പറഞ്ഞു.

മാധവൻകുട്ടിയുടെ പെട്ടിയിൽ അവശേഷിച്ച പുസ്തകങ്ങളിൽ നിന്നാണ് ക്യൂബൻ പ്രസിഡണ്ട് ഫിദൽ കാസ്ട്രോവിന് ഹരാരെയിൽ വെച്ച് പുസ്തകം കൊടുത്തത്. ഫിദലിന്റെ പ്രസ് സെക്രട്ടറിക്ക് ഞാൻ നേരത്തെ നോട്ടു കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പുസ്തകം ഫിദലിന് നേരിട്ടു കൊടുക്കാൻ എനിക്ക് അനുമതി തരികയായി

ജോൺസൺ



എഡ്ഗാർ ഹൂവർ



**ബർലിൻ: കമ്യൂണിസ്റ്റാധിപത്യം തകരാൻ പ്രധാന കാരണം, അവിടെ ജനാധിപത്യം ഇല്ല എന്നതാണ്. ജനാധിപത്യത്തിന് ഭരണാധികാരികൾ ഒരു സ്ഥാനവും നൽകിയില്ല. കേന്ദ്ര കമ്മിറ്റി കൂടും. പൊളിറ്റ് ബ്യൂറോ തീരുമാനങ്ങളെടുക്കും. ബർലിൻ മതിൽ പോലും ജനാധിപത്യപരമായി അംഗീകരിച്ചതല്ല.**

രുന്നു. you can give this copy when he is coming to the open session. ആ സമയം രാജീവ് ഗാന്ധിയും അദ്ദേഹത്തിന്റെ പ്രസ് സെക്രട്ടറി ശാരദാപ്രസാദും സംഘവും ഇപ്പുറത്ത് ഉണ്ട്. അപ്പോഴേക്കും കേണൽ ഗദ്ദാഫിയും എത്തി. അങ്ങനെ മൂന്നാം ലോക രാജ്യങ്ങളുടെ നായകരുടെ സംഗമ വേദിയായി ആ സമ്മേളനം മാറി.


ഈ പുസ്തകം ലോകത്ത് വലിയ കോളിളക്കമുണ്ടാക്കി. 12ലധികം വിദേശ ഭാഷകളിൽ അത് പ്രസിദ്ധീകരിക്കപ്പെട്ടു. ഇപ്പോഴും ഈ പുസ്തകം ജർമനിയിലെ പ്രധാനപ്പെട്ട പുസ്തകശാലകളിൽ വിൽക്കുന്നുണ്ടെന്ന് എന്റെ മകളുടെ ഭർത്താവ് ഈയിടെ എന്നോട് പറഞ്ഞിട്ടുണ്ട്.

പി.എം ജയൻ: സി.ഐ.എയെക്കുറിച്ച് മധു നായർ എഴുതിയത് നേരത്തെ പറഞ്ഞിരുന്നല്ലോ. ബർലിന്റെ പുസ്തകങ്ങൾ ആ സമയത്ത് നിങ്ങൾ ശ്രദ്ധിച്ചിരുന്നോ...

മധുനായർ: അമേരിക്കയിൽ തന്നെ സി.ഐ.എയുടെ ഇടപെടലുകളെക്കുറിച്ച് ധാരാളം പുസ്തകങ്ങളും സിനിമകളും വന്നിട്ടുണ്ട്. പ്രസിഡണ്ട് കെന്നഡി വധിക്കപ്പെട്ടു. ഇപ്പോഴും അതിന്റെ ഗൂഢാലോചനകളുമായി ബന്ധപ്പെട്ട യാഥാർത്ഥ്യം പുറത്തുവന്നിട്ടില്ല. അന്നത്തെ വൈസ് പ്രസിഡണ്ടും പിന്നീട് പ്രസിഡണ്ടുമായ ജോൺസണാണ് അതിന്റെ പിന്നിലെന്ന് പലരും പറഞ്ഞിട്ടുണ്ട്. അമേരിക്കയെ സംബന്ധിച്ച് കെന്നഡിയേക്കാൾ എത്രയോ സുപ്പീരിയർ പ്രസിഡണ്ടായിരുന്നു ജോൺസൺ. പോവർട്ടി ഇറാഡിക്കേഷൻ തൊട്ട് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്ത ജോൺസന്റെ ആപ്പീസ് പൂട്ടിച്ചത് വിയറ്റ്നാം യുദ്ധമാണ്. വിരമിച്ചതിന് ശേഷം മുടിയൊക്കെ കഴുത്ത് വരെ നീട്ടി വളർത്തി ടെക്സാസിലെ കൊട്ടാര സദൃശമായ വലിയ ഡാച്ചയിൽ ജീവിച്ചുവന്ന അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്യാൻ അമേരിക്ക കണ്ട എക്കാലത്തെയും വലിയ ടി.വി ആങ്കറായ വാൾട്ടർ കോൺക്ലേയ്ർ പോകുന്നുണ്ട്. അദ്ദേഹം വിയറ്റ്നാം സന്ദർശിച്ച് അവിടത്തെ യാഥാർത്ഥ്യം പുറംലോകത്തെ അറിയിച്ചു. അമേരിക്ക വിയറ്റ്നാമിൽ കാണിക്കുന്നത് പോക്രിത്തര



കെന്നഡി



ജിമ്മി കാർട്ടർ

മാണെന്നും എത്രയോ അമേരിക്കക്കാരെ അവിടെ കൊലയ്ക്ക് കൊടുക്കുകയാണെന്നടക്കം കാര്യങ്ങൾ അന്വേഷിച്ചും കണ്ടും പുറത്തെത്തിച്ചു. അമേരിക്കൻ ജനതയ്ക്ക് വിശ്വാസ്യതയുണ്ടായിരുന്ന ആ മാധ്യമപ്രവർത്തകനെ അവർ പൂർണമായും വിശ്വാസത്തിലെടുക്കുകയും ചെയ്തു. അങ്ങനെയിരിക്കെയാണ് ജോൺസണെ കാണാൻ ഇയാൾ എത്തുന്നത്. ഇന്റർവ്യൂവിൽ അവസാനത്തെ ചോദ്യം ലിന്റൺ ജോൺസൺ, At least now you tell me who killed John F Kennedy? ഈ ചോദ്യം കേട്ട് അൽപ്പനേരം ആലോചിച്ച് തലകുലുക്കി ജോൺസൺ പറഞ്ഞു; വാൾട്ടർ, I don't know എന്ന്. അത്രയധികം ദുരൂഹമായിരുന്നു ആ കൊലപാതകം. പിന്നിൽ സി.ഐ.എ ആണോ, അതോ, എഫ്.ബി.ഐ ആണോ എന്നൊന്നും അറിയില്ല. പ്രസിഡണ്ട് പോലും അറിയാത്ത രീതിയിലായിരുന്നു ആ കൊലപാതകത്തിന്റെ ആസൂത്രണവും നിർവഹണവും. എഫ്.ബി.ഐ എന്ന ഇന്റേണൽ സെക്യൂരിറ്റി ഫോഴ്സ് പ്രസിഡണ്ടിനെ ബ്ലാക്ക് മെയിൽ ചെയ്യുകയായിരുന്നു. കെന്നഡിക്ക് അൽപ്പം സ്ത്രീ വിഷയങ്ങളൊക്കെ ഉണ്ടായിരുന്നു. അന്നത്തെ എഫ്.ബി.ഐയുടെ തലവൻ ജോൺ എഡ്ഗാർ ഹൂവർ ആയിരുന്നു. അങ്ങേര് കല്യാണമൊന്നും കഴിച്ചിട്ടില്ല. ഭീകരനായിരുന്നു. അയാളെ മാറ്റാൻ പോലും ഒരു പ്രസിഡണ്ടിന് സാധിക്കാത്ത അവസ്ഥയായിരുന്നു. കെന്നഡിയുടെ സഹോദരൻ റോബർട്ട് കെന്നഡി ഹോം മിനിസ്റ്ററായിരുന്നു. വളരെ ജന്യൂയൻ ജസ്റ്റിസ് പേഴ്സണാലിറ്റിയുള്ള ആളായിരുന്നു. അദ്ദേഹത്തെയും തട്ടിക്കളയാനുള്ള പ്ലാൻ എഫ്.ബി.ഐ ചോർത്തി. ഈ സ്ത്രീക്ക് ഒരു മാഫിയ തലവനുമായി ബന്ധമുണ്ടായിരുന്നു. ഇതറിഞ്ഞ ഹൂവർ പ്രസിഡണ്ടിനോട് കൂടിക്കാഴ്ചയ്ക്ക് അനുമതി ചോദിച്ചു. അങ്ങനെ ഹൂവറിനോട് ബ്രേക്ക്ഫാസ്റ്റിന് വരാൻ പറഞ്ഞു. ബ്രേക്ക്ഫാസ്റ്റ് ടേബിളിനു മുന്നിലിരുന്ന് അവിടെ ഒന്നും പറയാനൊക്കില്ല. കാരണം എല്ലായിടത്തും നിരീക്ഷിക്കാനാളുണ്ടാകും. അങ്ങനെ ഇരുവരും പുറത്തിറങ്ങിയപ്പോഴാണ് ഹൂവർ പറഞ്ഞത് "President, you know she is connected..... എന്ന ഒറ്റ വാചകം. അത് യഥാർത്ഥത്തിൽ പ്രസിഡണ്ടിന്റെ ആപ്പീസ് പൂട്ടിക്കുന്ന വാചകമായിരുന്നു. ശരിക്കും അത് ഒരു ബ്ലാക്ക് മെയിലിംഗ് തന്നെ ആയിരുന്നു. ഇങ്ങനെ ഒരു ഇന്റേണൽ ഭീകര സംഘടന തന്നെയാണ് എഫ്.ബി.ഐ. ഇതിലും ഭീകരമാണ് സി.ഐ.എ. അവർ ഈ ഭൂമുഖത്ത് നടത്തിയ കൊലപാതകങ്ങൾക്ക് കയ്യും കണക്കുമില്ല. ചിലിയിലെ അലൻഡെയെ കൊന്നത് അവരാണ്.

**ബർലിൻ:** എന്റെ പുസ്തകത്തിൽ സി.ഐ.എ നടത്തിയ കൊലപാതകങ്ങളുടെ ലിസ്റ്റുണ്ട്.

**മധുനായർ:** ആങ്സെൻ സൂകിയുടെ അച്ഛനും സ്വതന്ത്ര ബർമയുടെ ആദ്യ പ്രസിഡണ്ടുമടക്കം നിരവധി പേരെ ക്യാബിനറ്റ് കൂടിക്കൊണ്ടിരിക്കെ സ്ഫോടനം നടത്തി കൊന്നത് സി.ഐ.എ ആയിരുന്നു. എൻ.ശിവറാം അന്നവിടെയുണ്ടായിരുന്നു. അദ്ദേഹമാണ് ആ വിവരം ലോകത്തെ തന്റെ സ്കൂപ്പിലൂടെ അറിയിക്കുന്നത്. പാട്രിക്ലുമുംബെയെയും കൊന്നത് സി.ഐ.എ തന്നെ.


**ബർലിൻ:** മോസ്കോ പാർട്ടി സ്കൂളിൽ ലുമുംബെ എന്റെ മുമ്പത്തെ ബാച്ചായിരുന്നു. ആ സമയത്താണ് ലുമുംബെ കോങ്കോയിലേക്ക് പോകുന്നത്.

**മധുനായർ:** ഈ കൊലപാതകങ്ങൾ യു.എസ് സെനറ്റിൽ വലിയ ഒച്ചപ്പാടുകൾക്ക് കാരണമായിരുന്നു. ഇങ്ങനെ കൊലപാതകങ്ങൾ ആസൂത്രണം ചെയ്യുന്നതിനെതിരെ വികാരം അവിടെ ശക്തമായിട്ടുണ്ട്. സെനറ്റ് ഇന്റലിജൻസ് കമ്മിറ്റി ചീഫ് അറിയാതെ യാതൊരുവിധ കൊലപാതവും നടക്കാൻ പാടില്ലെന്ന തീരുമാനം വരുന്നത് പിന്നീടാണ്.

**പി.എം ജയൻ:** ഈ ചാരസംഘടനകൾ അമേരിക്കയിൽ സമാന്തര ഭരണകൂടമായി അനുഭവപ്പെടുന്നുണ്ടോ.

**മധുനായർ:** അമേരിക്കയുടെ ശാപമാണത്. ഇന്റലിജൻസ്, മാഫിയാ സംഘങ്ങളുടെ സംവിധാനങ്ങളെ പ്രതിരോധിക്കുന്നതിന് ഒട്ടേറെ മാർഗങ്ങൾ അമേരിക്കയിലിപ്പോഴുണ്ട്. ഡൊണാൾഡ് ട്രംപ് പ്രസിഡണ്ടാകാൻ സാധ്യത വന്നതിൽ സി.ഐ.എ

**മധുനായർ:** യൂറോപ്പിലെ കുടിയേറ്റത്തിലധികവും രാഷ്ട്രീയ കുടിയേറ്റമാണ്. സാമ്പത്തിക കുടിയേറ്റത്തേക്കാളും. എന്നാൽ ഗൾഫിലേത് സാമ്പത്തിക കുടിയേറ്റമാണ്. കേരളത്തിന്റെ സാമ്പത്തിക പുരോഗതി ഉണ്ടായതിന് പ്രധാന കാരണം ഗൾഫ് പ്രവാസമാണ്. പ്രവാസികളിൽ ഏറിയ പങ്കും മുസ്‌ലിം സമുദായങ്ങളിൽ പെട്ടവരാണ്. എന്നാൽ അവർക്ക് അർഹിക്കുംവിധം പരിഗണന ലഭിച്ചിട്ടില്ല. മാത്രമല്ല, മുസ്‌ലിമായി ജനിച്ചതുകൊണ്ടുമാത്രം അധോലോകമായും മറ്റും മുദ്രകുത്തുന്ന പ്രവണതയുണ്ട്. അത് പ്രതിരോധിക്കാൻ ഇടതുപക്ഷം എന്തെങ്കിലും ചെയ്തിട്ടുണ്ടോ?



ബർലിൻ നഗരം

ക്കൊന്നും വലിയ പങ്ക് വഹിക്കാനില്ല. കാരണം അവരുടെയൊന്നും ആളല്ല യഥാർത്ഥത്തിൽ ട്രംപ്. ഒരു പക്കാ അമേരിക്കക്കാരന്റെ എല്ലാ വൃത്തികേടുകളും പച്ചയ്ക്ക് വിളിച്ചു പറയുന്ന ഒരാളാണ് ട്രംപ്.

ഞാൻ പറഞ്ഞില്ലേ, സെനറ്റ് ഇന്റലിജൻസ് കമ്മിറ്റി ചെയർമാനറിയാതെ സി.ഐ.എയോ എഫ്.ബി.ഐയോ ലോകത്തെവിടെയും കൊലപാതകങ്ങൾ നടത്താൻ പാടില്ലെന്ന നിലവന്നു. അഥവാ അങ്ങനെ ചെയ്താൽ തലപ്പത്തുള്ളവർ ജയിലിലാകും. ഇപ്പോൾ ഒരു 'ചെക്ക് ആന്റ് ബാലൻസ്' ഉണ്ടാക്കിവെച്ചിട്ടുണ്ട്. മുമ്പ് ഇക്കാര്യത്തിൽ യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. മുമ്പൊന്നും സി.ഐ.എയുടെ ഫണ്ട് ഓഡിറ്റിന് വിധേയമാക്കപ്പെടലില്ല. സി.ഐ.എ കാശ് മൊത്തം നിക്ഷേപിക്കുന്നത് വത്തിക്കാനിലെ ബാങ്കിലാണ്.

ബർലിൻ: ബാങ്കോ അബ്രാസിയാനോ എന്നാണ് ആ ബാങ്കിന്റെ പേര്.

മധുനായർ: ഇവിടെത്തന്നെ നോക്കൂ. കേരളത്തിൽ വിമോചന സമരത്തിന് ഫണ്ട് ചെയ്തത് സി.ഐ.എ അല്ലേ.

ബർലിൻ: അമേരിക്കൻ അംബാസിഡർ പാട്രിക് മൊയ്നിഹാന്റെ പുസ്തകത്തിൽ അത് വ്യക്തമാക്കിയിട്ടുണ്ട്.

പി.എം ജയൻ: നിശ്ചിത കാലത്തിന് ശേഷം സി.ഐ.എയുടെ ഇത്തരം കാര്യങ്ങൾ വെളിപ്പെടുത്തുന്ന രീതി അവർക്കുണ്ടോ.

ബർലിൻ: ഇരുപത്തഞ്ച് കൊല്ലം കഴിഞ്ഞാൽ ചില രേഖകൾ വെളിപ്പെടുത്തും. എല്ലാമൊന്നും വെളിപ്പെടുത്താറില്ല.

മധുനായർ: ഗൾഫ് രാജ്യങ്ങളിൽ തന്നെ നോക്കൂ. ഇവർ സംരക്ഷിച്ചു നിർത്തുന്നത് അമേരിക്കൻ ഡോളറിനെയാണ്. അതിൽ യാതൊരു ഒത്തുതീർപ്പിനും അവർ സന്നദ്ധരല്ല. ലോകത്തിൽ പെട്രോളിയത്തിന്റെ വ്യാപാരം യു.എസ് ഡോളറിൽ മാത്രമല്ലേ. നാം കാശ് കൊടുത്ത് ഇറാനിൽ നിന്ന് എണ്ണ വാങ്ങാൻ തീരുമാനിച്ചപ്പോൾ അമേരിക്ക ഉണ്ടാക്കിയ ബഹളം ഓർമയില്ലേ?

ബർലിൻ: ഇറാന്റെ എണ്ണ തൊടാൻ പാടില്ലെന്ന

**മധുനായർ: ഇസ്രാഈലിന്റെ ജൂതന്മാരുടെ ജനസംഖ്യ അഞ്ച് മില്യനാണെങ്കിൽ അമേരിക്കയിൽ ജൂതന്മാർ ആറ് മില്യണെങ്കിലുമുണ്ടാവും. ഇവരുടെ സംഭാവനയാണ് ഇസ്രാഈലിന്റെ ബജറ്റ് വിഹിതത്തിലെ സിംഹഭാഗവും. ഖാലിസ്ഥാന്റെ കാര്യം പറഞ്ഞപോലെ അമേരിക്കയിലെ ജൂതന്മാരൊരിക്കലും ഇസ്രാഈലിൽ പോയി താമസിക്കില്ല. അവർക്ക് ഒരു ഔട്ട്പോസ്റ്റു വേണം. അത്രതന്നെ.**



വിലക്ക് വന്നില്ലേ.

പി.എം ജയൻ: അമേരിക്കൻ നിലപാടിനെ മറികടക്കുന്നതിന് ലോകത്ത് നീക്കങ്ങളും പ്രതിഷേധവും ഉണ്ടാകുന്നില്ലേ.

മധുനായർ: ഇതിനെ ചെറുത്തുനിൽക്കാൻ ആകെ കരുത്തുള്ളത് ലോകത്തിലെ 145 കോടി വരുന്ന മുസ്ലിം ജനതയ്ക്കാണ്. മറ്റാർക്കുമില്ല. ഒരുകാലത്ത് സ്പെയിനൊക്കെ എണ്ണൂറ് കൊല്ലം ഇസ്ലാമിക ഭരണത്തിന് കീഴിലായിരുന്നില്ലേ. ഗ്ലാമറസ്സായ ഭരണമായിരുന്നില്ലേ അത്. മാർക്കേസിന്റെയൊക്കെ പുസ്തകം വായിച്ചാലതറിയാമല്ലോ. ജനാധിപത്യമില്ലെന്നൊക്കെ പറഞ്ഞാലും ആ ഭരണകൂടങ്ങൾക്ക് വലിയ ഖ്യാതി ഉണ്ടായിരുന്നു. സൗദി അറേബ്യക്ക് അമേരിക്കയുടെ ടോട്ടൽ സപ്പോർട്ടല്ലേ. ഒന്നു കാലുമാറിയാൽ അവിടെ ഭരണം വീഴും. എല്ലാം കണക്കുകൂട്ടി ഇസ്ലാമിക ലോകത്തെ എങ്ങനെയും ഭിന്നിപ്പിച്ചു നിർത്തും അമേരിക്ക. ഈ ലോങ് ടേം പോളിസിയാണ് അവരുടേത്.

പി.എം ജയൻ: ഇത്തരം പോളിസികളിലൊക്കെ സി.ഐ.എ ഇടപെടുന്നുണ്ടോ.

മധുനായർ: സംശയമെന്ത്, സി.ഐ.എ ആണല്ലോ അവരുടെ ഉപകരണം.

പി.എം ജയൻ: സി.ഐ.എയെക്കുറിച്ച് നാം നേരത്തെ ധാരാളം കേട്ടിരുന്നു. ഇപ്പോൾ അതിനേക്കാൾ കൂടുതൽ മൊസാദിനേയാണല്ലോ ആളുകൾ പറയുന്നത്.

മധുനായർ: ഇസ്രാഈലിന്റെ രൂപീകരണം തന്നെ അമേരിക്കയുടെ ഇടപെടലിന്റെ ഭാഗമാണ്. റൂസ്‌വെൽറ്റ് പ്രസിഡണ്ടായിരുന്നപ്പോൾ അദ്ദേഹത്തെ സൗദിയുടെ അധികാരി കിംഗ് അസീസ് കാണുന്ന രംഗമുണ്ട്. ഈജിപ്തിലെ സൂയസ് കനാലിലാണ് കൂടിക്കാഴ്ച. റൂസ് വെൽറ്റിനോട് ജൂതൻമാരുടെ കാര്യം കഷ്ടമാണ് അവർക്കൊരു രാജ്യം വേണമെന്ന് അസീസ് പറഞ്ഞു. "ജർമനിയിലെവിടെയെങ്കിലും കൊടുത്തുകൂടേ? അല്ലെങ്കിൽ രണ്ടായിരം കൊല്ലമായി മുസ്ലിംകൾ താമസിക്കുന്ന ഫലസ്തീനിൽ തന്നെ വേണോ?" അപ്പോൾ റൂസ്‌വെൽറ്റ് ചിരിച്ചുകൊണ്ട് പറഞ്ഞത് "എന്റെ കാലത്തതൊന്നും നടക്കില്ലെന്നാണ്. റൂസ്‌വെൽറ്റ് നാലാംതവണ തെ

> **മധുനായർ: ഇതിനെ ചെറുത്തുനിൽക്കാൻ ആകെ കരുത്തുള്ളത് ലോകത്തിലെ 145 കോടി വരുന്ന മുസ്ലിം ജനതയ്ക്കാണ്. മറ്റാർക്കുമില്ല. ഒരുകാലത്ത് സ്പെയിനൊക്കെ എണ്ണൂറ് കൊല്ലം ഇസ്ലാമിക ഭരണത്തിന് കീഴിലായിരുന്നില്ലേ. ഗ്ലാമറസ്സായ ഭരണമായിരുന്നില്ലേ അത്. മാർക്കേസിന്റെയൊക്കെ പുസ്തകം വായിച്ചാലതറിയാമല്ലോ.**

രഞ്ഞെടുപ്പിൽ ജയിക്കുന്നത് വീൽചെയറിലിരുന്നു കൊണ്ടാണ്. അമേരിക്കയിലെ ഇൻഡസ്ട്രിയൽ കോം പ്ലക്സിന്റെ താൽപര്യം ട്രൂമാനെ പ്രസിഡണ്ടാക്കുന്നതിലായിരുന്നു. റൂസ്‌വെൽറ്റിന്റെ വൈസ് പ്രസിഡണ്ടായിരുന്ന ഹെൻട്രി വാലസ് മൂന്ന് തവണയാണ് വൈസ് പ്രസിഡണ്ടായിരുന്നത്.


ഹെൻട്രി വാലസാണ് അന്ന് പ്രസിഡണ്ടായി വന്നതെങ്കിൽ ലോകത്തിന്റെ ചരിത്രം തന്നെ മാറിപ്പോയിരുന്നേനെ. അമേരിക്കയിൽ ജനാധിപത്യത്തിന് ചില പ്രാഥമിക തത്വങ്ങളുണ്ട്. അത് എവിടെയും കോളനൈസ് ചെയ്യാൻ പാടില്ല എന്നതാണ്. എന്നാൽ ട്രൂമാൻ വന്നതിനുശേഷം ആദ്യം ചെയ്തത് ഇസ്രാഈലിനെ അംഗീകരിച്ചു എന്നതാണ്. ബ്രിട്ടൻ പോലും ചെയ്യാത്ത നടപടി. അതിനെക്കുറിച്ച് ട്രൂമാനോട് ചോദിച്ചപ്പോൾ പറഞ്ഞ മറുപടി I have five million fucking jews in my constituency not a single Arab എന്നായിരുന്നു. അതുവരേയ്ക്കും പ്രോ ഇന്ത്യനായിരുന്നു അമേരിക്ക. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ നല്ലപോലെ പിൻതുണച്ച രാജ്യമായിരുന്നില്ലേ അമേരിക്ക. ഗാന്ധിജിയെ ലോക മാധ്യമ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നതിൽ അവരോളം പങ്ക് മറ്റാരും വഹിച്ചിട്ടില്ല. ദണ്ഡിയാത്രയിൽ ഗാന്ധിജിയുടെ കൂടെ മുഴുവൻ സമയവും ന്യൂയോർക്ക് ടൈംസിന്റെ ലേഖകനും ഫോട്ടോഗ്രാഫറുമുണ്ടായിരുന്നു അനുഗമിക്കാൻ. പെട്ടെന്നാണ് ഈ നയത്തിൽ അടിമുടി മാറ്റമുണ്ടായത്. ആദ്യത്തെ അറബ് യുദ്ധം വന്നപ്പോൾ അമേരിക്കയുടെ നയതന്ത്രവിദഗ്ധർ യോഗം ചേർന്നാണ് മാറ്റിയത്. അങ്ങനെയിരിക്കെയാണ് പാക്കിസ്താനെ അവർ കയ്യിലെടുത്ത് കളിക്കാനാരംഭിച്ചത്. എത്രയോ കാലമായി അമേരിക്കയുടെ കോളനി പോലെയല്ലേ പാക്കിസ്ഥാൻ പ്രവർത്തിക്കുന്നത്. അവരുടെ മുഴുവൻ പണവും കവർന്നു അമേരിക്ക. പാക്കിസ്ഥാനിലെ ജനാധിപത്യത്തെ ഇല്ലാതാക്കിയെങ്കിലേ അവർ പറയുന്ന പട്ടാളത്തെക്കൊണ്ട് ഭരിക്കാനാവൂ എന്ന് അമേരിക്കയ്ക്ക് നന്നായി അറിയാം. അങ്ങനെയാണ് ഒരു ആന്റി ഇന്ത്യാ ടിസ്റ്റ് വരുന്നത്. അതിൽ നിന്ന് ഇപ്പോഴും ഒരു മാറ്റവും വന്നിട്ടില്ല.

ഇസ്രാഈലിന്റെ ജൂതന്മാരുടെ ജനസംഖ്യ അഞ്ച് മില്യനാണെങ്കിൽ അമേരിക്കയിൽ ജൂതന്മാർ ആറ് മില്യണെങ്കിലുമുണ്ടാവും. ഇവരുടെ സംഭാവനയാ

ഇ.എം.എസ്



സുർജിത്



മധുനായർ: ഐ.എസ്.ആർ.ഒ ചാരക്കേസ് നോക്കൂ. റോയിലെ ഉന്നത ഉദ്യോഗസ്ഥന് സി.ഐ.എയിൽ നിന്ന് വലിയ കാശ് കിട്ടിക്കൊണ്ടിരുന്നു. 24 മണിക്കൂറിനുള്ളിൽ അയാളെ ഒഴിവാക്കിയെന്നല്ലാതെ യാതൊരു ശിക്ഷയും ഉണ്ടായില്ല. ഇക്കാര്യത്തിലും ഇടപെട്ടത് അമേരിക്ക തന്നെയാണ്. നമ്പി നാരായണൻ എൽ.കെ അദ്വാനി ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തെ ഇക്കാര്യം പറഞ്ഞ് കാണാൻ ചെന്നിരുന്നു. ഐ.എസ്.ആർ.ഒയുടെ കാര്യത്തിൽ അമേരിക്കൻ ചാരസംഘടനയ്ക്ക് കൃത്യമായ പങ്കുണ്ടെന്ന് അദ്ദേഹത്തോട് പറഞ്ഞു. അദ്വാനി അന്ന് നമ്പി നാരായണനോട് പറഞ്ഞത് ഇപ്രകാരം. We know, But we can't do anything. അമേരിക്കയ്ക്കെതിരെ ഒന്നും ചെയ്യാനൊക്കില്ല എന്ന് വ്യക്തമാക്കുകയായിരുന്നു അദ്വാനി.


ണ് ഇസ്രാഈലിന്റെ ബജറ്റ് വിഹിതത്തിലെ സിംഹഭാഗവും. ഖാലിസ്ഥാന്റെ കാര്യം പറഞ്ഞപോലെ അമേരിക്കയിലെ ജൂതന്മാരൊരിക്കലും ഇസ്രാഈലിൽ പോയി താമസിക്കില്ല. അവർക്ക് ഒരു ഔട്ട് പോസ്റ്റു വേണം. അത്രതന്നെ.

**പി.എം ജയൻ:** സി.ഐ.എയുടെ എക്സ്റ്റന്റ് എന്ന നിലയിൽ തന്നെയായിരിക്കും മൊസാദിന്റെയും പ്രവർത്തനം അല്ലേ.

**മധുനായർ:** പിന്നെ, ഐ.എസ്.ആർ.ഒ ചാരക്കേസ് തന്നെ നോക്കൂ. റോയിലെ ഒരു ഉന്നത ഉദ്യോഗസ്ഥന് സി.ഐ.എയിൽ നിന്ന് വലിയ കാശ് കിട്ടിക്കൊണ്ടിരുന്നു. 24 മണിക്കൂറിനുള്ളിൽ അയാളെ ഒഴിവാക്കിയെന്നല്ലാതെ യാതൊരു ശിക്ഷയും ഉണ്ടായില്ല. ഇക്കാര്യത്തിലും ഇടപെട്ടത് അമേരിക്ക തന്നെയാണ്. നമ്പി നാരായണൻ എൽ.കെ അദ്വാനി ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തെ ഇക്കാര്യം പറഞ്ഞ് കാണാൻ ചെന്നിരുന്നു. ഐ.എസ്.ആർ.ഒയുടെ കാര്യത്തിൽ അമേരിക്കൻ ചാരസംഘടനയ്ക്ക് കൃത്യമായ പങ്കുണ്ടെന്ന് അദ്ദേഹത്തോട് പറഞ്ഞു. അദ്വാനി അന്ന് നമ്പി നാരായണനോട് പറഞ്ഞത് ഇപ്രകാരം. We know, But we can't do anything. അമേരിക്കയ്ക്കെതിരെ ഒന്നും ചെയ്യാനൊക്കില്ല എന്ന് വ്യക്തമാക്കുകയായിരുന്നു അദ്വാനി.

**വി.കെ സുരേഷ്:** വിക്രം സാരാഭായിയുടെ മരണത്തിന് പിന്നിലും സി.ഐ.എ ആണോ?

**മധുനായർ:** എന്തിന് സംശയിക്കണം. ഒരു സം



ആർ.കെ കരഞ്ചിയ



വിക്രം സാരാഭായ്

ശയവുമില്ല. ആ മരണത്തിനുത്തരവാദി സി.ഐ.എ തന്നെയാണ്. സാരാഭായ് കോവളം ഹോട്ടലിൽ സുഖമായി ഭക്ഷണം കഴിച്ചു കിടക്കുകയായിരുന്നു. രാവിലെ കാണുമ്പോൾ മരിച്ചുകിടക്കുന്നു! ഒരിക്കലും തെളിയിക്കാൻ പറ്റാത്തവിധം വിഷം നൽകി കൊന്നതാണ് സി.ഐ.എ അദ്ദേഹത്തെ. കാരണം ഇതിനകത്തെല്ലാം പണമാണ് കാര്യം. ഓർബിറ്റിൽ ഒരു സാറ്റലൈറ്റ് കൊണ്ടുപോയി എത്തിക്കുന്ന കാര്യത്തിൽ അമേരിക്കൻ കുത്തകയാണ് നിലനിന്നിരുന്നത്. സൂരിനാമിലൊക്കെ സാറ്റലൈറ്റ് കൊണ്ടുപോയി വിക്ഷേപിക്കണമെങ്കിൽ അതിന് അനേക കോടികളാണ് ട്രാവലിങ് ചാർജായി ഈടാക്കിയിരുന്നത്. അന്ന് യാതൊരു മത്സരവും നേരിടാനില്ലല്ലോ. ഇന്നതല്ല സ്ഥിതി. ഇന്ത്യ സ്വയം പര്യാപ്തത കൈവരിച്ചാൽ വളരെ കുറഞ്ഞ കാശിന് വിക്ഷേപണം നടത്താം. ഇന്ന് ലോകത്ത് ഉപഗ്രഹ വിക്ഷേപണത്തിന് ഏറ്റവും കുറഞ്ഞ കാശ് ഈടാക്കുന്നത് ഇന്ത്യയാണ്. ഈ വളർച്ച തടയുന്നതിനാണ് ഇരുപത്തഞ്ച് കൊല്ലം മുമ്പുതന്നെ അമേരിക്ക ശ്രമം തുടങ്ങിയത്. ഇപ്പോൾ തന്നെ ചന്ദ്രയാൻ ദൗത്യത്തിൽ നാം മുടക്കിയ സംഖ്യ അമേരിക്ക മുടക്കുന്ന സംഖ്യയുടെ പത്ത് ശതമാനം പോലുമില്ലെന്നാണ് അറിയാൻ കഴിഞ്ഞത്.

കെ.ജി.ബിക്കൊക്കെ സി.ഐ.എയെപ്പോലെ മാസ്സീവ് ഗ്ലോബൽ അപ്രോച്ചിന് ഉള്ള പരിമിതി ഉണ്ടായിരുന്നു.

ബർലിൻ: കെ.ജി.ബിക്ക് അതിന് മാത്രം റിസോഴ്സസ് ഉണ്ടായിരുന്നില്ല.

മധുനായർ: അതെ. എല്ലാ പാശ്ചാത്യ നാടുകളിലും സി.ഐ.എ അവർക്ക് പറ്റുംവിധം ശൃംഖലകളുണ്ടാക്കാറുണ്ട്.

വി.കെ സുരേഷ്: സോവിയറ്റ് യൂണിയന്റെ തകർ

**മധുനായർ: ഇന്റർനെറ്റ് അമേരിക്കൻ പ്രതിരോധ വകുപ്പിന് വേണ്ടി വികസിപ്പിച്ചതായിരുന്നു. ഞാനതിന്റെ ആദ്യ മലയാളി ഉപഭോക്താക്കളിലൊരാളാണ്. അർഫാനെറ്റ് എന്നാണ് അതിന്റെ പേര്. അതാണ് പിന്നീട് വാണിജ്യ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി പൊതുവായ ഉപയോഗത്തിന് വേണ്ടി ഇന്റർനെറ്റായി മാറിയത്. കമ്യൂണിക്കേഷൻ മീഡിയയിൽ നമ്മുടെ രാജ്യത്തിന്റെ കോഡ് ഇപ്പോഴും 91 ആണ്. എന്നാൽ അമേരിക്കയുടേത് അത് 1 ആണ്. അവർ ഇന്റർനെറ്റ് പ്രോട്ടോകോൾ റൂളിന്റെ കാര്യത്തിൽ ഒട്ടും പിടിവിടുന്നില്ല.**

പോപ്പ് ജോൺപോൾ ഒന്നാമൻ





ച്ചയ്ക്ക് പിന്നിൽ സി.ഐ.എയുടെ പങ്ക് എന്തായിരുന്നെന്നാണ് കരുതുന്നത്. അതിന് തെളിവുകൾ എന്തെങ്കിലും ഉണ്ടോ?

**ബർലിൻ:** സോവിയറ്റ് യൂണിയനെ സോഷ്യലിസത്തിൽ നിന്ന് മുതലാളിത്തത്തിലേക്ക് കൊണ്ടുപോകുന്നതിന് ക്രൂഷ്ചേവ്, ബ്രഷ്നേവ്, ഗോർബച്ചേവ് എന്നീ മൂന്ന് നേതാക്കൾക്കും പ്രധാന ഉത്തരവാദിത്വമുണ്ട്.

**മധുനായർ:** ബ്രഷ്നേവിനോ?

**ബർലിൻ:** പിന്നെ, ബ്രഷ്നേവിന്റെ കാലത്തല്ലേ സി.ഐ.എക്ക് മോസ്കോയിൽ ആപ്പീസ് തുടങ്ങുന്നതിന് സമ്മതം കൊടുത്തത്. മോസ്കോവിലെ ഏറ്റവും വലിയ കുത്തുസോവ്സ്കി എവന്യൂവിലെ ഏറ്റവും വലിയ കെട്ടിടം സി.ഐ.എക്ക് വാടകയ്ക്ക് നൽകിയത് ബ്രഷ്നേവിന്റെ കാലത്താണ്.

**മധുനായർ:** മാത്രമല്ല, വത്തിക്കാനിലെ പോപ്പും വലിയ പങ്കുവഹിച്ചിട്ടുണ്ട്.

**ബർലിൻ:** സി.ഐ.എയെ പുന:സംവിധാനം ചെയ്ത ട്രൂമാന്റെ ലക്ഷ്യം തന്നെ മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള ആഗോള പരിവർത്തനത്തെ അട്ടിമറിക്കുക എന്നതായിരുന്നു.

**മധുനായർ:** വിയറ്റ്നാമിലും അവർ സ്വീകരിച്ചത് ഇതേ തന്ത്രം തന്നെയാണ്.

**മധുനായർ:** ഇന്ത്യയിൽ നിന്ന് മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നതുപോലെ കമ്യൂണിസ്റ്റ് രാജ്യങ്ങളിലേക്ക് കുടിയേറ്റം സംഭവിച്ചിട്ടില്ലല്ലോ സഖാവെ. ജർമനിയിൽ ആദ്യകാലത്ത് ഇന്ത്യയിലെ പല ബുദ്ധിജീവികളും പോയിട്ടുണ്ടെങ്കിലും എവിടെയോ വെച്ച് പിന്നീടത് ഇല്ലാതായി അല്ലേ.

**ബർലിൻ:** അതെ, ഹിറ്റ്ലർക്ക് മുമ്പാണ് മധു പറഞ്ഞതു പോലെ കുടിയേറ്റമുണ്ടായത്. എന്നാൽ ഹിറ്റ്ലർക്ക് ശേഷം വർഗീയത വല്ലാതെ കൂടി. അത് കുടിയേറ്റത്തെ നിരുത്സാഹപ്പെടുത്തുകയായിരുന്നു. അവിടെ കുടിയേറിപ്പാർത്ത പലരേയും ലെനിൻ അന്ന് മോസ്കോയിലേക്ക് വിളിപ്പിക്കുകയായിരുന്നു.

**മധുനായർ:** കമ്യൂണിസ്റ്റ് ഭരണം നടക്കുന്ന രാജ്യങ്ങളിലൊക്കെ മറ്റു രാജ്യങ്ങളിൽ നിന്ന് വരുന്നവർക്ക് താമസിക്കുന്നതിന് കഴിയണമെങ്കിൽ അവർ വരുന്ന രാജ്യത്ത് സോഷ്യലിസ്റ്റ് ഭരണക്രമമുണ്ടെങ്കിലേ സാധിക്കൂ അല്ലേ?

**ബർലിൻ:** അതാതിടത്തെ കമ്യൂണിസ്റ്റ് പാർട്ടികൾ ആളുകളെ അയക്കാറുണ്ട്. സോഷ്യലിസത്തെപ്പറ്റി പഠനം നടത്തുന്നതിനൊക്കെ.

**മധുനായർ:** അതല്ല, സ്ഥിരമായി താമസിക്കുന്നതിന്. ക്യൂബയിൽ നിന്ന് ധാരാളം പേർ കിഴക്കൻ ജർമനിയിൽ കുടിയേറിയിട്ടുണ്ടല്ലോ. ജർമൻ ഏകീകരണത്തോടെ ഇവർക്ക് ക്യൂബയിലേക്ക് തിരിച്ചു പോകേണ്ടിവന്നോ?

**ബർലിൻ:** ബാറ്റിസ്റ്റയുടെ ഭരണം ഇല്ലാതായതിനുശേഷം കുറേപ്പേർ ക്യൂബയിലും കുറേപ്പേർ മെക്സിക്കോയിലും പോയി.

**മധുനായർ:** മലയാളികളുടെ കുടിയേറ്റ സ്വഭാവത്തെ അടിസ്ഥാനമാക്കിയാണ് ഞാനിക്കാര്യം ചോദിച്ചത്.

**ബർലിൻ:** യൂറോപ്പിലെ കുടിയേറ്റത്തിലധികവും രാഷ്ട്രീയ കുടിയേറ്റമാണ്. സാമ്പത്തിക കുടിയേറ്റത്തേക്കാളും. എന്നാൽ ഗൾഫിലേത് സാമ്പത്തിക കുടിയേറ്റമാണ്.

**മധുനായർ:** അമേരിക്കയിലേക്ക് ആളുകൾ പോകുന്നത് ജോലി തേടിയാണ്. അതുകൊണ്ടത് സാമ്പത്തിക കുടിയേറ്റം തന്നെയാണ്. അമേരിക്കയിൽ ജോലി ചെയ്യുന്ന ഒരാൾക്ക് തിരിച്ചു പോരേണ്ടി വരുന്ന അവസ്ഥ ഒരിക്കലും സംജാതമാകുന്നില്ല.

**ബർലിൻ:** പൗരത്വം വരെ ലഭിക്കുന്നുണ്ടല്ലോ. ഗ്രീൻ കാർഡടക്കം. അതൊന്നും വേറൊരിടത്തുമില്ല. ഇഷ്ടം പോലെ നിങ്ങൾക്കവിടെ താമസിക്കാം. ഇഷ്ടമുള്ള ആളെ കല്യാണം കഴിക്കാം. അറബ് നാടുകളിലൊന്നും ഇത് പറ്റില്ലല്ലോ.

**മധുനായർ:** അതുതന്നെയാണ് അമേരിക്കയുടെ ബലം. ലിബർട്ടി ഓഫ് സ്റ്റാച്യുവിന് കീഴിലൊരു കവിത എഴുതിവെച്ചിട്ടുണ്ട്. "ലോകത്തിലാർക്കും വേണ്ടാതെ കിടക്കുന്ന ജീവച്ഛവങ്ങളെ എനിക്കു താ. ഞാൻ ശരിയാക്കി തരാം."

**പി.എം ജയൻ:** ബർലിൻ അമേരിക്കയിൽ പോയിട്ടില്ലേ?

**ബർലിൻ:** ഞാൻ യു.എൻ സമ്മേളനത്തിൽ പങ്കെടുക്കാൻ പോയിട്ടുണ്ട് ന്യൂയോർക്കിൽ. പക്ഷേ വാഷിംഗ്ടണിലൊന്നും പോയിട്ടില്ല. യു.എൻ വിസയിലായിരുന്നു പോയത്. ബർലിനിൽ നിന്നായിരുന്നു അത്. കിഴക്കൻ ജർമനിയെ യു.എൻ അംഗമാക്കിയ കാലത്താണ് ഞാൻ പോയത്.

**പി.എം ജയൻ:** പ്രവാസത്തെക്കുറിച്ച് പറയുമ്പോൾ മലയാളിയുടെ മനസ്സിൽ എപ്പോഴും വരുന്നത് ഗൾഫ് പ്രവാസമാണ്. ജീവസന്ധാരണത്തിന് പോകുന്നവരുടെ കാര്യങ്ങൾ ബർലിൻ എപ്പോഴെങ്കിലും സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ടോ?

**ബർലിൻ:** അവരാണ് നമ്മുടെ സാമ്പത്തിക അടിത്തറ. നമുക്ക് ആവശ്യമുള്ള പണമെല്ലാം അവരാണ് അയച്ചുതരുന്നത്. നമ്മുടെ ബാങ്കുകളിലെ ഡപ്പോസിറ്റുകളിൽ ഏറിയ പങ്കും അവരുടേതാണ്.

പി. ഗോവിന്ദപിള്ള



> **ബർലിൻ: ജർമനിയിൽ നാസിപ്പാർട്ടി തെരഞ്ഞെടുപ്പിൽ മത്സരിച്ച് ഇപ്പോഴും അഞ്ച് ശതമാനം വോട്ടു നേടിയിട്ടുണ്ട്. കാര്യമായ ഡീ നാസിഫിക്കേഷൻ അവിടെ നടക്കുന്നില്ല. ഇവിടെ ബി.ജെ.പി വളരുന്നതുപോലെ അവിടെ വളരുന്നില്ല. വലതുപക്ഷത്തിന്റെ തകർച്ച പിന്നീടുണ്ടാവും.**

**മധുനായർ:** എന്നാൽ അമേരിക്കയിൽ പോകുന്ന മലയാളി ഇങ്ങോട്ട് കാശ് അയക്കുന്നത് കുറവാണ്. അവർ അവിടെത്തന്നെ അടിച്ചുപൊളിച്ച് ജീവിക്കുകയാണ്. സ്വിറ്റ്സർലാന്റിലും നെതർലാന്റ്സിലും മറ്റും ജോലിക്ക് പോകുന്ന നഴ്സുമാർ അവിടെ ജോലി ലഭിച്ചാൽ പിന്നെ തിരിച്ചുവരാൻ താൽപര്യം കാണിക്കാറില്ല. ഗൾഫിൽ ഒരാൾക്കും സ്ഥിരമായി താമസിക്കാനോ സ്ഥിരമായി ബിസിനസ്സ് ചെയ്യാനോ കഴിയില്ല. മാത്രമല്ല മരിച്ചാൽ അവിടെ അടക്കം ചെയ്യാനും ആവില്ലല്ലോ. പോസിബിൾ സിറ്റുവേഷൻ ഇല്ലാത്തതുകൊണ്ടാണവർ തിരിച്ചുപോരുന്നത്.

യൂറോപ്യൻ രാജ്യങ്ങളിൽ സ്ഥിരവാസമുറപ്പിച്ചവർക്ക് പിന്നീട് ഇന്ത്യയിൽ തിരിച്ചുവരണമെങ്കിലും പ്രയാസമാണ്. അവരുടെ കുട്ടികളൊക്കെ അവിടത്തെ ഭാഷയാണ് സംസാരിക്കുക.


**ബർലിൻ:** എന്റെ മകളൊക്കെ ഇവിടെ നാട്ടിൽ വന്നാൽ വലിയ പ്രയാസമാണനുഭവിക്കുന്നത്. മലയാളം പറയാൻ കഷ്ടി അറിയാം. എഴുതാനും വായിക്കാനും അറിയില്ല. അവർ വന്നാൽ ഞാൻ ജർമൻ സംസാരിക്കണം. അതെന്റെ ഭാര്യക്ക് മനസ്സിലാവില്ല.

**വി.കെ സുരേഷ്:** ജർമൻ ജനാധിപത്യ റിപ്പബ്ലിക്കിന്റെ തകർച്ച ഞെട്ടലോടെയാണ് നാം കണ്ടത്. കമ്യൂണിസ്റ്റ് ഭരണത്തിന്റെ തകർച്ച. ഇതിനെ എങ്ങനെയാണിപ്പോൾ വിലയിരുത്തുന്നത്.

**ബർലിൻ:** കമ്യൂണിസ്റ്റാധിപത്യം തകരാൻ പ്രധാന കാരണം, അവിടെ ജനാധിപത്യം ഇല്ല എന്നതാണ്. ജനാധിപത്യത്തിന് ഭരണാധികാരികൾ ഒരു സ്ഥാനവും നൽകിയില്ല. കേന്ദ്ര കമ്മിറ്റി കൂടും. പൊളിറ്റ് ബ്യൂറോ തീരുമാനങ്ങളെടുക്കും. ബർലിൻ മതിൽ പോലും ജനാധിപത്യപരമായി അംഗീകരിച്ചതല്ല. ക്രൂഷ്ചേവ് അടിച്ചേൽപ്പിച്ചതാണ്. ജനാധിപത്യം ഉണ്ടായിരുന്നെങ്കിൽ ജർമനിയിലെ കമ്യൂണിസ്റ്റ് ഭരണം കുറേക്കൂടി നിലനിൽക്കുമായിരുന്നു.

**വി.കെ സുരേഷ്:** സോവിയറ്റ് യൂണിയൻ എഴുപത് വർഷം നിലനിന്നാണ് തകർന്നത്.

**ബർലിൻ:** അതിന് കാരണം ഗൊർബചേവാണ്.



വി.കെ കൃഷ്ണമേനോൻ, ഫിദൽ കാസ്ട്രോ, നെഹ്റു

അയാൾ പറഞ്ഞു; "If people move forward against the wall I will not bring my forces out of the barracks.'' അവിടെ ജർമനിയിൽ റഷ്യൻ പട്ടാളമാണല്ലോ ഉണ്ടായിരുന്നത്. അവരെ ബാരക്കിൽ നിന്നും പുറത്തിറക്കില്ലെന്നും ജനങ്ങൾ എന്ത് ചെയ്യുമോ അത് ചെയ്യും എന്ന് ഗൊർബച്ചേവ് പറഞ്ഞ അന്ന് രാത്രിയാണ് ബർലിൻ മതിൽ പൊളിച്ചത്. ആ ഒരൊറ്റ വാക്കാണ് അത് തകർത്തത്. പിന്നീട് അമേരിക്കക്കാർ അവിടെ വന്ന് തകർന്ന മതിലിന്റെ കഷണങ്ങൾ എടുത്തുകൊണ്ടുപോയി വിറ്റു കാശാക്കി. പിറന്നാളിന് അവരെ ആരെങ്കിലും ക്ഷണിച്ചാൽ അവർ സമ്മാനമായി നൽകിയിരുന്നത് ബർലിൻ മതിലിന്റെ കല്ലുകളാണ്. ജർമൻ ഏകീകരണം നല്ലതു തന്നെയാണ്. പക്ഷേ അത് സോഷ്യലിസത്തിലേക്കുള്ള ഏകീകരണമായിരുന്നെങ്കിൽ കുറേക്കൂടി പുരോഗമനപരമായേനെ. But this is a unification in

ബർലിന്റെ ഭാര്യ സരസ്വതി



capitalism, That is bad for me. So I am unhappy.

മധുനായർ: ജർമനിയുടെ അവസ്ഥ തന്നെ ചൈനക്കും സംഭവിക്കുമോ.

ബർലിൻ: അവിടെ എങ്ങനെ സംഭവിക്കാൻ. അവിടെ രണ്ട് രാജ്യമെന്ന തിയറിയൊന്നുമില്ലല്ലോ. അവിടെ കൺഫ്യൂഷ്യസിന്റെ ഒറ്റ ചൈന മാത്രമാണ്. ബാക്കിയെല്ലാം ചെറിയ ചെറിയ ദ്വീപുകൾ അല്ലേ. ചിയാങ് കൈഷേക്കിന്റെ പൊട്ടിപ്പൊളിഞ്ഞ പട്ടാളം അവിടെ താമസിച്ച് ഇവർക്കെതിരെ ഒളിയുദ്ധം നടത്തുന്നുവെന്നല്ലാതെ.

മധുനായർ: അതല്ല, ചൈനയിലെ ഈ കമ്യൂണിസ്റ്റ് വ്യവസ്ഥ തുടർന്നു പോകുമോ?

ബർലിൻ: ചൈന ഏറെക്കാലം നിലനിൽക്കും. സോവിയറ്റ് യൂണിയൻ പൊളിഞ്ഞിട്ടും അത് നിലനിൽക്കുന്നുണ്ടല്ലോ.

വി.കെ സുരേഷ്: പക്ഷേ ചൈനയിലേത് സോഷ്യലിസ്റ്റ് വ്യവസ്ഥയല്ലല്ലോ. മുതലാളിത്തത്തെക്കൂടി പുൽകിയല്ലേ നിലനിൽപ്പ്.

ബർലിൻ: സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥയല്ലെന്ന് പറഞ്ഞാലും അവിടെ ഇൻവെസ്റ്റ് ചെയ്തവരുടെ സ്വത്തെല്ലാം ചൈനീസ് ഭരണഘടന പ്രകാരം ഇരുപത്തഞ്ച് വർഷം കഴിഞ്ഞാൽ ചൈനക്ക് സ്വന്തമാണ്. ചൈനീസ് ഭരണഘടന ഒരു സോഷ്യലിസ്റ്റ് ഭരണഘടനയാണ്. അത് ഇതുവരെ ഭേദഗതി ചെയ്തിട്ടില്ല.

വി.കെ സുരേഷ്: പക്ഷേ താങ്കൾ പറഞ്ഞതുപോലെയല്ലല്ലോ. അവിടെ ജനാധിപത്യം വളരെ കുറവല്ലേ?

ബർലിൻ: പക്ഷേ that is much less than in Soviet Union and Berlin.

വി.കെ സുരേഷ്: താങ്കൾ പറഞ്ഞു, ജർമനിയിൽ ജനാധിപത്യം വളരെ കുറവായിരുന്നു എന്ന്. അത്തരം അനുഭവങ്ങൾ ഉണ്ടായിരുന്നോ.

ബർലിൻ: എത്രയോ ഉണ്ട്. ബന്ധുക്കളെ കാണാൻ നിങ്ങൾക്ക് അപ്പുറത്തേക്ക് പോകാനാവില്ല. തെരഞ്ഞെടുപ്പില്ല. പാർലമെന്റിലേക്കോ അസംബ്ലിയിലേക്കോ മുനിസിപ്പാലിറ്റികളിലേക്കോ അവിടെ



ബർലിൻ കുഞ്ഞനന്തൻനായരുടെ വീട്

തെരഞ്ഞെടുപ്പില്ല. ഏറ്റവും പ്രാപ്തനായ കമ്യൂണിസ്റ്റ് നേതാവിനെ പാർട്ടി നോമിനേറ്റ് ചെയ്യുകയാണ് പതിവ്. ഇത് വ്യക്തമായി കാണാൻ കഴിയുന്ന ജനാധിപത്യമില്ലായ്മയാണ്. ഹിറ്റ്ലർ വരുന്നതിനു മുമ്പ് വൈമ റിപ്പബ്ലിക്കുണ്ടായിരുന്നു. അതിൽ അയ്യഞ്ച് കൊല്ലം കൂടുമ്പോൾ തെരഞ്ഞെടുപ്പ് നടക്കാറുമുണ്ടായിരുന്നു. റിപ്പബ്ലിക്കിന്റെ പാർലമെന്റ് കെട്ടിടമിപ്പോഴുമുണ്ട്. എന്റെ മകൾ കഴിഞ്ഞ ആഴ്ചയും അതിന്റെ ഫോട്ടോ  അയച്ചിരുന്നു.

പി.എം ജയൻ: ലോകത്ത് പലേടത്തും വലതുപക്ഷ ശക്തികൾ തിരിച്ചുവരികയാണ്. ജർമനിയിൽ ഹിറ്റ്ലറുടെ നാസിപ്പാർട്ടിയുടെ അവസ്ഥ എന്താണ്.

ബർലിൻ: അവിടെ നാസിപ്പാർട്ടി തെരഞ്ഞെടുപ്പിൽ മത്സരിച്ച് ഇപ്പോഴും അഞ്ച് ശതമാനം വോട്ടു നേടിയിട്ടുണ്ട്. കാര്യമായ റീനാസിഫിക്കേഷൻ അവിടെ നടക്കുന്നില്ല. ഇവിടെ ബി.ജെ.പി വളരുന്നതുപോലെ അവിടെ വളരുന്നില്ല. വലതുപക്ഷത്തിന്റെ തകർച്ച പിന്നീടുണ്ടാവും.

മധുനായർ: യൂറോപ്യൻ കോമൺവെൽത്ത് രാഷ്ട്രങ്ങളെ തകർക്കുന്നതിന് അമേരിക്ക കിണഞ്ഞു ശ്രമിക്കുന്നുണ്ട്. യൂറോപ്പ് ഒരു ശക്തിയായി വളർന്നാൽ അത് അമേരിക്കയ്ക്ക് ഭീഷണിയാണ്. ബ്രക്സിറ്റിന്റെ പിന്നിലും അമേരിക്കയാണ്.

ബർലിൻ: യൂറോപ്യൻ യൂണിയനിൽ ബ്രിട്ടൻ നിൽക്കണമെന്നാണ് അമേരിക്കൻ താൽപ്പര്യം.

വി.കെ സുരേഷ്: 1958ൽ മോസ്കോ കമ്യൂണിസ്റ്റ് സർവകലാശാലയിൽ താങ്കൾ വിദ്യാർത്ഥിയായിരുന്നു. അന്ന് പരിചയത്തിലായ ലോക നേതാക്കളെ ഓർക്കുന്നുണ്ടോ?

ബൾഗേറിയൻ കമ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയും പ്രസിഡണ്ടുമായിരുന്ന  തോഡോർഷിഫ്ക്കോയവിന്റെ മകളും പിന്നീട് ബൾഗേറിയൻ കമ്യൂണിസ്റ്റ് പാർട്ടി പൊളിറ്റ് ബ്യൂറോ അംഗവും സാംസ്കാരിക മന്ത്രിയുമായ ലുദ്മി ഇഷിക്കാവോ, എന്നിവർ എന്റെ കൂടെയായിരുന്നു. ലുദ്മി എന്റെ സെമിനാർ ഗ്രൂപ്പിലുണ്ടായിരുന്നു. ജർമൻ ജനാധിപത്യ റിപ്പബ്ലിക്കിന്റെ വിദേശകാര്യമന്ത്രി ഓസ്കാർ ഫിഷർ, അദ്ദേഹം എന്റെ സെമിനാർ ഗ്രൂപ്പിലായിരുന്നു. കുറേക്കാലം മുമ്പുവരെ അവരുമായി ബന്ധമുണ്ടായിരുന്നു.

വി.കെ സുരേഷ്: കമ്യൂണിസ്റ്റാശയഗതികളെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്ത ഒരാളെന്ന നിലയിൽ പുതിയ കാലത്ത് താങ്കൾക്ക് എന്താണ് പറയാനുള്ളത്.

ബർലിൻ: ഇന്ത്യയിലെ സി.പി.ഐ.എം മാർക്സിയൻ ആശയ പ്രചാരണത്തിന് കാര്യമായി  ഒന്നും ചെയ്യുന്നില്ല. വളരെ കുറച്ചേ നടക്കുന്നുള്ളൂ. ഈയിടെ നടന്ന തെരഞ്ഞെടുപ്പിലെ തോൽവിയെക്കുറിച്ച് 4 കാരണങ്ങൾ സി.പി.ഐ.എം കണ്ടെത്തി. ആശയപരമായ കാര്യങ്ങളിലെ വീഴ്ചയെക്കുറിച്ച് ഒന്നും പാർട്ടി മിണ്ടുന്നില്ല. ശബരിമല, പ്രളയം, പിണറായിയുടെ ധാർഷ്ട്യം എന്നൊക്കെ പറഞ്ഞ്

**ബർലിൻ: ഇന്ത്യയിലെ സി.പി.ഐ.എം മാർക്സിയൻ ആശയ പ്രചാരണത്തിന് കാര്യമായി  ഒന്നും ചെയ്യുന്നില്ല. വളരെ കുറച്ചേ നടക്കുന്നുള്ളൂ. ഈയിടെ നടന്ന തെരഞ്ഞെടുപ്പിലെ തോൽവിയെക്കുറിച്ച് 4 കാരണങ്ങൾ സി.പി.ഐ.എം കണ്ടെത്തി. ആശയപരമായ കാര്യങ്ങളിലെ വീഴ്ചയെക്കുറിച്ച് ഒന്നും പാർട്ടി മിണ്ടുന്നില്ല.**

# ദൈവപുത്രനെ കൊന്ന സിറിഞ്ചും കുപ്പിയും

1978 സെപ്തംബർ 28 അർദ്ധരാത്രി പിന്നിട്ടിരുന്നു. വത്തിക്കാൻ നഗരം സുഖസുഷുപ്തിയിൽ. പള്ളിഘടികാരത്തിലെ പെന്റുലം ചലിക്കുന്ന ശബ്ദം മാത്രം കേൾക്കാനുണ്ട്. ലോകത്തിലെ 60 കോടി കത്തോലിക്കരുടെ കാണപ്പെട്ട ദൈവമായ അൽബിയോ ലൂസിയാനി എന്ന പോപ്പ് ജോൺപോൾ ഒന്നാമൻ വിശുദ്ധ കിടപ്പറയിൽ സുഖനിദ്രയിലായിരുന്നു. ദൈവപുത്രന്റെ കിടപ്പറയ്ക്ക് കാവൽനിന്ന കൊട്ടാരം അംഗരക്ഷകർ അപ്പോൾ അപ്രത്യക്ഷരായിക്കഴിഞ്ഞിരുന്നു. കാൽവിരലുകൾ മാത്രം നിലത്തൂന്നി അതീവ ജാഗ്രതയോടെ ഒരു യുവാവ് കോണിപ്പടി കയറി ഇടനാഴിയിലൂടെ മാർപാപ്പയുടെ കിടപ്പുമുറി ലക്ഷ്യമാക്കി നീങ്ങി. കറുത്തവസ്ത്രം ധരിച്ച അയാൾ മുഖംമൂടിയും അണിഞ്ഞിട്ടുണ്ടായിരുന്നു. കലാബ്രിയൻ (ഈ ഇറ്റാലിയൻ വാക്കിന്റെ അർത്ഥം അപരിചിതൻ) എന്ന രഹസ്യപ്പേരുള്ള യുവാവിന് അകമ്പടിയായി എത്തിയ ചാരൻ തിരുമേനിയുടെ മണിയറ വാതിൽ പതുക്കെ തുറന്നുകൊടുത്തു. തിരുമേനി കട്ടിലിൽ മലർന്നു കിടന്ന് ഉറങ്ങുന്നത് മുറിയിലെ ടേബിൾലാമ്പ് ചുരത്തുന്ന ഇളം നീലവെളിച്ചത്തിൽ കലാബ്രിയൻ കണ്ടു. തലയിണക്കരികിൽ ഒരു സ്വർണക്കുരിശും വെള്ളികൊണ്ടുള്ള കന്യാമറിയത്തിന്റെ രൂപവും. കലാബ്രിയൻ ലോകമെമ്പാടുമുള്ള കത്തോലിക്കരുടെ ആൾദൈവത്തെ ഒന്നു തൊഴുതു വണങ്ങി. അറവുകാരൻ കശാപ്പ് മൃഗത്തോട് അവസാനമായി കാണിക്കുന്ന കാരുണ്യം പോലെ. അയാൾ തന്റെ റേഡിയം ഡയലുള്ള വാച്ചിൽ നോക്കി ഓപ്പറേഷന് നേരത്തെ നിശ്ചയിച്ച സമയമായി എന്നുറപ്പിച്ചു. ഉടൻ പാന്റിന്റെ പോക്കറ്റിൽ നിന്ന് ഒരു സിറിഞ്ചും ചെറിയ മരുന്നുകുപ്പിയും പുറത്തെടുത്തു. കൈയുറയും ധരിച്ചു. മുറിയുടെ സാക്ഷയിട്ടു. സിറിഞ്ച് കുപ്പിയിൽ ആഴ്ത്തി നാലു മില്ലിലിറ്റർ വിഷദ്രാവകം വലിച്ചെടുത്തു. പതിവുപോലെ, ഉറങ്ങുന്നതിനു മുൻപ് കഴിക്കാറുള്ള വീര്യംകുറഞ്ഞ വീഞ്ഞിൽ ആരോ മയക്കുമരുന്ന് കലർത്തിയതിനാൽ ദൈവപുത്രൻ അപ്പോഴും അഗാധമായ മയക്കത്തിലായിരുന്നു. അതിനാൽ 0.3 കനമുള്ള സൂചി വലതുകാൽ മുട്ടിനു പിന്നിലെ ഞരമ്പിൽ തറച്ചുകയറുന്നത് അദ്ദേഹം അറിഞ്ഞതേയില്ല.

'ഓപ്പറേഷൻ ബംപ് ഓഫ്' എന്ന ദൗത്യം അഞ്ചു മിനിട്ടിനുള്ളിൽ പൂർത്തിയാക്കിയ കലാബ്രിയൻ വാതിൽ തുറന്ന് പുറത്തേക്ക് കടന്നു. പോകുന്നതിനിടയിൽ മേശപ്പുറത്തുണ്ടായിരുന്ന ഒരു ഫയലും കൊണ്ടുപോയി. കൊട്ടാരത്തിനു പുറത്ത് ഒരുക്കിനിർത്തിയ ഒരു കാറിൽ കൊലയാളിയെ റോമാ തുറമുഖത്തെത്തിച്ചു. അവിടെ കാത്തിരുന്ന ഒരാളിൽ നിന്നും തന്റെ വിദഗ്ധ ജോലിക്കുള്ള പ്രതിഫലമായ 10 ലക്ഷം ഡോളർ അയാൾ കൈപ്പറ്റി. അവിടെ സ്റ്റാർട്ട് ചെയ്ത് ഒരുക്കിനിർത്തിയിരിക്കുന്ന ഫിഷിങ് ബോട്ടിൽ കയറി ടിറെനൊ കടൽ കടന്ന് സിസിലിയിലെ പാലർമോവ ദ്വീപിലേക്ക് രക്ഷപ്പെട്ടു. എല്ലാം ആസൂത്രണം ചെയ്തതുപോലെ. എവിടെയും ഒരു പിഴവും വന്നില്ല.

ഏതാനും മിനുട്ടിനുള്ളിൽ ഹൃദയാഘാതം സംഭവിച്ച് ഉറക്കത്തിൽത്തന്നെ മരണം സംഭവിക്കുന്നതിനു പ്രത്യേകമായി തയ്യാറാക്കിയ മരുന്നാണ് പോപ്പിന്റെ ശരീരത്തിൽ കുത്തിവെച്ചത്. സൂചി കുത്തിക്കയറ്റിയ പാടുപോലും അഞ്ചു മിനിട്ടിനുള്ളിൽ അപ്രത്യക്ഷമാവുകയും ചെയ്യും. സാധാരണ പോസ്റ്റ്മോർട്ടത്തിൽ ഒരു തെളിവും കിട്ടുകയുമില്ല. കലാബ്രിയൻ മരുന്ന് കുത്തിവെച്ച് കൊട്ടാരത്തിന് വെളിയിൽ ഒരുക്കിനിർത്തിയ കാറിൽ കയറുമ്പോഴേക്കും തിരുമേനി ഈ ലോകത്ത് മറ്റാരുമറിയാതെ കാലം ചെയ്തു കഴിഞ്ഞിരുന്നു.

('പൊളിച്ചെഴുത്തി'ൽ നിന്ന്)

●

വിഷയം തിരിച്ചുവിടുകയാണ് പാർട്ടി ചെയ്യുന്നത്.

**വി.കെ സുരേഷ്:** സാധാരണക്കാരുമായി സി.പി.ഐ.എമ്മിന് ബന്ധം നഷ്ടപ്പെടുന്നു എന്ന വിമർശനം.

**ബർലിൻ:** അത് ശരിയാണ്. ബന്ധം വീണ്ടെടുക്കലാണ് പിണറായിയുടെ മുഖ്യ കടമ.

**വി.കെ സുരേഷ്:** മുമ്പ് എ.ഡി.ബി വായ്പ വാങ്ങരുത് എന്ന് പറഞ്ഞതാണ് ഇടതുപക്ഷം. ഇപ്പോൾ ജർമൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ജപ്പാൻ ഡവലപ്പ്മെന്റ് കോർപ്പറേഷൻ, ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് തുടങ്ങി കിട്ടാവുന്നിടത്തുനിന്നെല്ലാം വായ്പ വാങ്ങുന്നു.

**ബർലിൻ:** മുന്നോട്ടു പോകാൻ ബുദ്ധിമുട്ടാണെങ്കിലും പൈസയും കമ്യൂണിസവും രണ്ടും യോജിച്ച് പോകണമെങ്കിൽ ചില വിട്ടുവീഴ്ചകൾ ചെയ്യേണ്ടിവരും.

**വി.കെ സുരേഷ്:** മാർക്സിയൻ ദർശനത്തിന്റെ പ്രയോഗത്തിലെ പോരായ്മകൾ മാത്രമാണോ യഥാർത്ഥത്തിൽ പ്രശ്നം.

**ബർലിൻ:** മാർക്സ് എബ്രഹാം ലിങ്കണിന് അയ

ച്ച കത്തുകൾ പിന്നീട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പാരീസ് കമ്യൂണിന്റെ കാലത്ത് ഓടിപ്പോയവർക്ക് ഭൂമിയും ജോലിയും നൽകണമെന്ന് ആവശ്യപ്പെട്ടാണ് അത് അയച്ചത്. ലിങ്കൺ ആവശ്യം അംഗീകരിക്കുകയും ചെയ്തതാണ്. ലിങ്കൺ വെടിയേറ്റു കൊല്ലപ്പെടുന്നതിന് കുറച്ച് മുമ്പായിരുന്നു അത്. മാർക്സ് ഒരു ജനാധിപത്യവാദിയായിരുന്നു. മാർക്സും ഏംഗൽസും ചില കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു. മാർക്സ് പറഞ്ഞത്, തൊഴിലാളി വർഗസർവാധിപത്യം വേണമെന്നാണെങ്കിൽ ഏംഗൾസ് തൊഴിലാളി വർഗ ജനാധിപത്യം വേണമെന്നാണ് ആവശ്യപ്പെട്ടത്. കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതുന്ന കാലത്ത് നടന്ന ഈ വാദപ്രതിവാദം ജർമൻ ആർക്കെയ്വ്സിലുണ്ട്. എന്നാൽ സ്റ്റാലിൻ ഇത് പുറത്തുവിടാൻ സമ്മതിച്ചിരുന്നില്ല.

വി.കെ സുരേഷ്: സ്റ്റാലിൻ എഡിറ്റ് ചെയ്ത മാർക്സിസമാണ് ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടി നേതാക്കൾ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തെന്ന വിമർശനം സത്യമാണോ.

ബർലിൻ: ശരിയാണ്. Leninism is a marxism of the period of Prolitarian revolution and imperialism എന്നാണ് സ്റ്റാലിന്റെ തീസിസ്. മുതലാളിത്തത്തിന്റെയും സോഷ്യലിസ്റ്റ് വിപ്ലവ കാലഘട്ടത്തിലെയും മാർക്സിസമാണ് ലെനിനിസം എന്നാണ് സ്റ്റാലിന്റെ അഭിപ്രായം. മാർക്സിനേക്കാൾ ശരി ഏംഗൽസായിരുന്നു. പക്ഷേ അക്കാര്യം സ്റ്റാലിൻ പുറത്തുവിട്ടില്ല. അന്ന് അത് പുറത്തുവിട്ടിരുന്നെങ്കിൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ വേറൊരു രൂപത്തിലായിരിക്കും ആളുകൾ മനസ്സിലാക്കുക.

വി.കെ സുരേഷ്: ലോക മാധ്യമങ്ങളെ അടുത്തറിഞ്ഞ വ്യക്തികളാണ് നിങ്ങൾ രണ്ടുപേരും. മാധ്യമരംഗത്തെ പുതിയ മാറ്റങ്ങളും പ്രവണതകളും നിരീക്ഷിക്കാറുണ്ടോ?

ബർലിൻ: മാധ്യമലോകം ഇന്ന് പാടെ മാറിയിട്ടുണ്ട്. പണ്ടത്തെപ്പോലെയല്ല. മുമ്പ് ഒരു ഫോട്ടോ

> **ബർലിൻ: ജനങ്ങൾ എന്ത് ചെയ്യുമോ അത് ചെയ്യും എന്ന് ഗൊർബച്ചേവ് പറഞ്ഞ അന്ന് രാത്രിയാണ് ബർലിൻ മതിൽ പൊളിച്ചത്. ആ ഒരൊറ്റ വാക്കാണ് അത് തകർത്തത്. പിന്നീട് അമേരിക്കക്കാർ അവിടെ വന്ന് തകർന്ന മതിലിന്റെ കഷണങ്ങൾ എടുത്തു കൊണ്ടുപോയി വിറ്റു കാശാക്കി. പിറന്നാളിന് അവരെ ആരെങ്കിലും ക്ഷണിച്ചാൽ അവർ സമ്മാനമായി നൽകിയിരുന്നത് ബർലിൻ മതിലിന്റെ കല്ലുകളാണ്.**

അയക്കാൻ പോലും ബുദ്ധിമുട്ടായിരുന്നു. ഇന്ന് ഇന്റർനെറ്റും മറ്റ് ആധുനിക വിവര സാങ്കേതിക വിദ്യകളും ഉപയോഗിച്ചാണ് മാധ്യമ പ്രവർത്തനം. അതിൽ തന്നെ കുത്തക വൽക്കരണത്തിന് മത്സരമാണ്.

മധുനായർ: നമുക്കിവിടെ മൊണോപ്പളി കമ്മീഷൻ മുമ്പുണ്ടായിരുന്നു. ഇന്ദിരാഗാന്ധിയാണ് അത് ഇല്ലാതാക്കിയത്. അമേരിക്കയിൽ ഗവൺമെന്റ് ആന്റിട്രസ്റ്റ് കേസ് എടുത്താൽ മാധ്യമങ്ങൾക്ക് അതിൽ നിന്ന് ഊരിവരാൻ പ്രയാസമാണ്. ഐ.ബി.എം അതിൽപ്പെട്ട് കുടുങ്ങിക്കിടക്കുകയാണ്. അവിടെ അങ്ങനെയെങ്കിലും ഒരു ചെക്ക് ഇൻ ബാലൻസ് ഉണ്ട്. എന്നാൽ ഇന്ത്യയിൽ അങ്ങനെയൊന്നേയില്ല. പക്ഷേ ചൈന ഗൂഗിളിനെ പൂട്ടിയില്ലേ. ടെക്നോളജി ചൈ



## സി ഐ എയുടെ ആസൂത്രണത്താൽ കൊല്ലപ്പെട്ട രാഷ്ട്രനേതാക്കൾ

1. ബർമയുടെ ആദ്യ പ്രസിഡണ്ട് ഓങ്സാൻ- 1947
2. സിലോൺ പ്രധാനമന്ത്രി ബണ്ഡാര നായകെ- 1959
3. കോംഗോയുടെ പ്രധാനമന്ത്രി പാട്രിക് ലുമുംബ- 1961
4. ഡൊമിനിക്കൻ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ട് റാഫേൽ ട്രിജില്ലോ- 1965
5. മൊറോക്കൻ പ്രതിപക്ഷ നേതാവ് ബെൻബെർക്ക- 1965
6. സൗത്ത് വിയറ്റ്നാം പ്രസിഡണ്ട് നോഗോദിൻ- 1965
7. ചിലിയിലെ സോഷ്യലിസ്റ്റ് പ്രസിഡണ്ട് സാൽവദോർ അലൻഡെ- 1973
8. ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ക്ക് മുജീബ് റഹ്മാൻ- 1974
9. എൽസാൽവദോർ ആർച്ച് ബിഷപ്പ് റോമറസ്- 1981
10 പനാമയുടെ ജനറൽ ടൊറേജോ- 1983
11 ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി- 1984

## സി ഐ എയുടെ പരാജയപ്പെട്ട വധശ്രമങ്ങൾ

1. പ്രസിഡണ്ട് സുക്കാർണോ.
2. ഫിദൽ കാസ്ട്രോ.
3. ഡാനിയൽ ഓർടിഗ.
4. ജവഹർലാൽ നെഹ്റു.
5. ചൗഎൻലായ്.
6. രാജീവ്ഗാന്ധി.
7. അംഗോളയുടെ പ്രസിഡണ്ട് ടമേര മെക്കാൾ

അവലംബം: Devil And His Dart

നയുടെ കയ്യിലാണ്. ചൈന സ്വന്തമായി വികസിപ്പിച്ചെടുത്ത സെർച്ച് എഞ്ചിനും മറ്റും ഉണ്ട്. അതുമാത്രമല്ല ടെക്നോളജിയുടെ അടുത്ത ഘട്ടത്തിലെ മാറ്റത്തിൽ ചൈനക്കായിരിക്കും മേൽക്കൈ. അത് തകർക്കാനാണ് അമേരിക്കയുടെ ശ്രമം. ലോകമാധ്യമങ്ങൾ ഏറെക്കാലം അമേരിക്കയുടെ കയ്യിലായിരുന്നു. ഇന്റർനെറ്റ് അമേരിക്കൻ പ്രതിരോധ വകുപ്പിന് വേണ്ടി വികസിപ്പിച്ചതായിരുന്നു. ഞാനതിന്റെ ആദ്യ മലയാളി ഉപഭോക്താക്കളിലൊരാളാണ്. അർഫാനെറ്റ് എന്നാണ് അതിന്റെ പേര്. അതാണ് പിന്നീട് വാണിജ്യ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി പൊതുവായ ഉപയോഗത്തിന് വേണ്ടി ഇന്റർനെറ്റായി മാറിയത്. കമ്യൂണിക്കേഷൻ മീഡിയയിൽ നമ്മുടെ രാജ്യത്തിന്റെ കോഡ് ഇപ്പോഴും 91 ആണ്. എന്നാൽ അമേരിക്കയുടേത് അത് 1 ആണ്. അവർ ഇന്റർനെറ്റ് പ്രോട്ടോകോൾ റൂളിന്റെ കാര്യത്തിൽ ഒട്ടും പിടിവിടുന്നില്ല. നിർഭാഗ്യവശാൽ ഇന്ത്യയും ചൈനയും തമ്മിൽ ബന്ധത്തിന്റെ കാര്യത്തിൽ അത്ര ദൃഢമല്ല.

**വി.കെ സുരേഷ്:** അനുഭവത്തിന്റെ തീക്കടൽ താണ്ടിയ പല കമ്യൂണിസ്റ്റ് നേതാക്കളെയും പാർട്ടി പിന്നീട് പുറത്താക്കിയതായാണ് അനുഭവം. താങ്കളെപ്പോലും.

**ബർലിൻ:** അത് ഒരു കാലഘട്ടത്തിന്റെ പൈശാചിക രൂപമായിപ്പോയി. അത് വേണ്ടിയിരുന്നില്ല. പക്ഷേ അത് റിഗ്രറ്റ് ചെയ്യാനേ നിവൃത്തിയുള്ളൂ. അതിൽ കുറേപ്പേർ സ്വയം തിരിച്ചുവന്നു. കുറേപ്പേർ മരിച്ചുപോയി. ഞാനിങ്ങനെ മരിക്കാറായിട്ടും പിടിച്ചുനിൽക്കുന്നു. പക്ഷേ തെറ്റു തിരുത്തലിന്റെ പേരിൽ വീണ്ടും ഒരു ഉൾപ്പാർട്ടി സമരം ഞാനുദ്ദേശിക്കുന്നില്ല.

**പി.എം ജയൻ:** പാർട്ടിയിൽ തെറ്റുതിരുത്തൽ ഇനിയും നടക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ.

**ബർലിൻ:** Rectification is always necessary and imperative. ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിക്ക് നാലഞ്ചുകൊല്ലം നീണ്ടുനിൽക്കുന്ന തെറ്റുതിരുത്തൽ ക്യാമ്പയിൻ തന്നെ ഉണ്ടായിരുന്നു. ആ തെറ്റു തിരുത്തലിലൂടെ വന്നവരാണ് ഡെൻസിയാവോ പിങ്, ചൗഎൻലായ് തുടങ്ങിയവർ.

**മധുനായർ:** കേരളത്തിന്റെ സാമ്പത്തിക പുരോഗതി ഉണ്ടായതിന് പ്രധാന കാരണം ഗൾഫ് പ്രവാസമാണ്. പ്രവാസികളിൽ ഏറിയ പങ്കും മുസ്‌ലിം സമുദായങ്ങളിൽപ്പെട്ടവരാണ്. എന്നാൽ അവർക്ക് അർഹിക്കുംവിധം പരിഗണന ലഭിച്ചിട്ടില്ല. മാത്രമല്ല, മുസ്‌ലിമായി ജനിച്ചതുകൊണ്ടുമാത്രം അധോലോകമായും മറ്റും മുദ്രകുത്തുന്ന പ്രവണതയുണ്ട്. അത് പ്രതിരോധിക്കാൻ ഇടതുപക്ഷം എന്തെങ്കിലും ചെയ്തിട്ടുണ്ടോ.

**ബർലിൻ:** അങ്ങനെ ഉണ്ടെന്ന് തോന്നുന്നില്ല. ആന്റി മുസ്‌ലിം വികാരം വർധിപ്പിക്കുന്നവർക്കെതിരെ ശക്തമായ നിലപാടുണ്ട്. അമേരിക്കയിലൊക്കെ പോകുന്ന മുസ്‌ലിംകളെയാണ് തുണിയഴിച്ചും മറ്റും പരിശോധിക്കുന്നത്. അങ്ങനെ ഇവിടെ ചെയ്യുന്നില്ലല്ലോ. യൂറോപ്യൻ രാജ്യങ്ങളിൽ മുസ്‌ലിംകൾ വളരെ ചെറിയ കമ്യൂണിറ്റിയാണ്. ബർലിനിൽ തന്നെ ആകെ ഒരൊറ്റ പള്ളിയേ ഉള്ളൂ. വളരെ സെക്കുലറായിരുന്നു ഈസ്റ്റിലെയും വെസ്റ്റിലെയും ജർമൻ ഭരണം.

**മധുനായർ:** സെക്കുലറിസം ഏറ്റവും ശക്തമായി നിലനിൽക്കുന്നത് അമേരിക്കയിലാണ്. അവിടെ സ്കൂളുകളിൽ ഒരു പ്രാർത്ഥനയും അനുവദിക്കില്ല. പള്ളി വേറെ പാതിരി വേറെയെന്ന വളരെ വ്യക്തമായി തീരുമാനിക്കപ്പെട്ട സ്ഥലമാണ് അമേരിക്ക. അമേരിക്കയിലെ പ്രാഥമിക നിയമം പാലിക്കാൻ എല്ലാ പൗരന്മാരും ബാധ്യസ്ഥരാണ്. പണത്തിന് ഇത്രത്തോളം മഹത്വം കൽപ്പിക്കുന്നവർ അമേരിക്കക്കാരെപ്പോലെ വേറാരുമില്ല. അവർ ദൈവമായി കാണുന്നത് ഡോളറിനെയാണെന്നാണ് ഞാൻ പറയുക.

**ബർലിൻ:** Time is money എന്നതാണ് അമേരിക്കൻ പാസ്‌വേർഡ്. ഒരുത്തനും അവിടെ ഒരു മിനിറ്റ് കളയില്ലല്ലോ.